

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

പനമരം ബ്ലോക്ക് പഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121

ഇ-മെയിൽ: dowyd.ksad@kerala.gov.in
ഫോൺ : 0493-6203672

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി-ഇ3-291/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121
തീയ്യതി: 01/06/2022
ഇ-മെയിൽ: dowyd.ksad@kerala.gov.in
ഫോൺ: 0493-6203672

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പനമരം ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : പനമരം ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പനമരം ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1.ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്ര സഹിതം)
2.എ.ഡി.സി ജനറൽ വയനാട്
3.കാര്യാലയ പ്രതി

നമ്പർ: കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി-ഇ3-291/22 തീയ്യതി: 01/06/2022

വയനാട് ജില്ലയിലെ പനമരം ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ പനമരം ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 28-02-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി വസന്ത പി.എസ്	സീനിയർ ഡെപ്യൂട്ടി ഡയറക്ടർ	01-04-2020	31-03-2021

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
07-03-2022	23-03-2022

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ ഷാജുതോമസ്, ഓഡിറ്റ് ഓഫീസർ
ശ്രീ നവാസ്.കെ,അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി ഇന്ദു കെ നായർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി റ്റിജി വർഗ്ഗീസ്,ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ ദിലീപ് കുമാർ ടി.എസ്	പ്രസിഡന്റ്	01-04-2020	31-12-2020

ശ്രീമതി ഗിരിജ കൃഷ്ണൻ	പ്രസിഡന്റ്	01-01-2021	31-03-2021
ശ്രീ കുഞ്ഞീതുട്ടി പി.വി	സെക്രട്ടറി	01-04-2020	15-04-2020
ശ്രീമതി ദീപ്തി ആർ	സെക്രട്ടറി	16-04-2020	25-05-2020
ശ്രീ കുഞ്ഞീതുട്ടി പി.വി	സെക്രട്ടറി	26-05-2020	31-05-2020
ശ്രീമതി ദീപ്തി ആർ	സെക്രട്ടറി	01-06-2020	15-06-2020
ശ്രീ ബേബി പി.വി	സെക്രട്ടറി	16-06-2020	10-01-2021
ശ്രീ ഗംഗാധരൻ പി.എം	സെക്രട്ടറി	10-01-2021	31-03-2021

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ പ്രശാന്ത് എൻ.എസ്	അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ	01-04-2020	31-03-2021
ശ്രീ നൗഷാദ് സി	വ്യവസായ വികസന ഓഫീസർ	01-04-2020	31-03-2021
ശ്രീ പി.പി ബിജു	പട്ടികജാതി വികസന ഓഫീസർ	01-04-2020	31-03-2021
കാർത്തിക അന്ന ജോസ്	ശിശു വികസന ഓഫീസർ	01-04-2020	14-09-2020
ലളിത കെ കെ	ശിശു വികസന ഓഫീസർ	14-09-2020	03-12-2020
നിസ്സ കെ	ശിശു വികസന ഓഫീസർ	03-12-2020	18-03-2021
ബിനിത ടി.എ	ശിശു വികസന ഓഫീസർ	18-03-2021	31-03-2021
പ്രീതി കെ.ആർ	ക്ഷീര വികസന ഓഫീസർ	01-04-2020	19-01-2021
അഭിരാമി എൻ എ	ക്ഷീര വികസന ഓഫീസർ	27-01-2021	31-03-2021
ഡോ.ഷീജ വി.ആർ	മെഡിക്കൽ ഓഫീസർ , സി.എച്ച്. സി	01-04-2020	31-03-2021
ഡോ. രാഘവൻ	സീനിയർ വെറ്ററിനറി സർജൻ	01-04-2020	31-03-2021
ആർ മണികണ്ഠൻ	കൃഷി അസിസ്റ്റന്റ് ഡയറക്ടർ	01-04-2020	31-03-2021

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ബഡ്ജറ്റ്	1-1
2	ബജറ്റ് നടപടിക്രമങ്ങൾ പാലിച്ചില്ല	1-1-1
3	ബജറ്റ് ഡോക്യുമെന്റ്സ് പ്രത്യേകം ഫയലാക്കി സൂക്ഷിച്ചിട്ടില്ല	1-1-2
4	ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ബജറ്റ് മാന്വൽ പ്രകാരമുള്ള അവലേകനം നടത്തുന്നില്ല	1-1-3
5	ബജറ്റിൽ ഉൾപ്പെടുത്താത്ത ഇനങ്ങൾക്ക് തുക ചെലവഴിക്കുകയും, ബജറ്റിൽ ഉൾപ്പെടുത്തിയതിനേ ക്കാൾ അധികം തുക ചെലവഴിക്കുകയും ചെയ്യുന്നു.	1-1-4
6	വാർഷിക കണക്കുകൾ ലഭിച്ചതിന്റെ വിവരം	1-2
7	സാമ്പത്തിക വിശകലനം	1-3
8	ഫണ്ട് വിനിയോഗം	1-4
9	പദ്ധതി അവലോകനം	1-5
10	തൊഴിലുറപ്പു പദ്ധതി	1-6
11	ക്യാഷ് ബാലൻസ് പരിശോധന	1-7
12	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1- 8
13	ആഭ്യന്തര നിയന്ത്രണം	1-9
14	വാർഷികകണക്കുകളിലെ അപാകതകൾ	1-10
15	രസീതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ	1-11
16	ക്ഷീരകർഷകർക്ക് ഇൻസെന്റീവ്(എസ് ടി)- പദ്ധതി നടത്തിപ്പിലെ അപാകതകൾ.	1-12
17	ക്ഷീരകർഷകർക്ക് ഇൻസെന്റീവ്(ജനറൽ)-പദ്ധതി നടത്തിപ്പിലെ അപാകതകൾ.	1-13
18	ഭിന്നശേഷിക്കാർക്ക് സൈഡ് വീലോടു കൂടിയ സ്ക്കൂട്ടർ വിതരണം - വാഹനം രജിസ്റ്റർ ചെയ്തില്ല	1-14
19	അഗ്രോസർവീസ് സെന്ററുകൾക്കും പാടശേഖര സമിതികൾക്കും കാർഷിക ഉപകരണങ്ങൾ - തുക അധികം നൽകി	1-15
20	കില വനിതാ ഹോസ്റ്റൽ വിഹിതം നൽകൽ- വിനിയോഗ സാക്ഷ്യപത്രവും ഭൗതിക നേട്ട റിപ്പോർട്ടും ഹാജരാക്കിയിട്ടില്ല.	1-16
21	തൊഴിലുറപ്പ് പദ്ധതി വിഭാഗം ജീവനക്കാരുടെ ഭരണ ചെലവുകൾ-ജനറൽ പർപസ് ഫണ്ടിൽ നിന്നും ചെലവഴിച്ചത് തിരികെ അടക്കാൻ ബാക്കി നിൽക്കുന്നു.	1-17
22	സാമൂഹ്യ സുരക്ഷ മിഷൻ വിഹിതം- വിനിയോഗ സാക്ഷ്യപത്രവും ഭൗതിക നേട്ട റിപ്പോർട്ടും ഹാജരാക്കിയിട്ടില്ല.	1-18
23	അംഗനവാടി പൂരക പോഷകാഹാരം-ഗ്രാമപഞ്ചായത്തുകൾക്ക് തുക നൽകൽ-രേഖകൾ ഹാജരാക്കിയില്ല.	1-19
24	സമ്പൂർണ്ണ ആദിവാസി സാക്ഷരത- രേഖകൾ ഹാജരാക്കിയില്ല.	1-20
25	പടുതാ മൽസ്യ കൃഷി-ഗ്രാമപഞ്ചായത്തുകൾക്ക് തുക നൽകൽ - രേഖകൾ ഹാജരാക്കിയില്ല	1-21
26	ഭിന്നശേഷി കുട്ടികൾക്ക് സ്കോളർഷിപ്പ് ഗ്രാമപഞ്ചായത്തുകൾക്ക് തുക നൽകൽ.രേഖകൾ ഹാജരാക്കിയില്ല.	1-22
27	മരാമത്ത് പ്രവൃത്തി -ഗ്രാമ പഞ്ചായത്ത് വിഹിതം നൽകൽ രേഖകൾ ഹാജരാക്കിയില്ല.	1-23
28	ലൈഫ് ഭവന പദ്ധതി (ജനറൽ , ടി എസ് പി, എസ് സി പി)ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ- രേഖകൾ ഹാജരാക്കിയിട്ടില്ല	1-24
29	പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം-പിഴ ഈടാക്കിയില്ല	1-25
30	മരാമത്ത് പ്രവൃത്തി എഗ്രിമെന്റ് വയ്ക്കാൻ കാലതാമസം-പിഴ ഈടാക്കിയില്ല	1-26
31	സമയബന്ധിതമായി പൂർത്തിയാക്കാത്ത മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പുതുക്കി നൽകുന്നു	1-27

ഭാഗം 2		
--- No Records Found ---		
ഭാഗം 3		
1	ക്ഷീരകർഷകർക്ക് ഇൻസെന്റീവ്(എസ് ടി)- കർഷകരുടെ അക്കൗണ്ടിലേക്ക് ധനസഹായം എത്തിയിട്ടില്ല	3-1
2	ക്ഷീരകർഷകർക്ക് ഇൻസെന്റീവ്(ജനറൽ)-പദ്ധതി നടത്തിപ്പിലെ അപാകതകൾ.	3-2
ഭാഗം 4		
1	വാർഷികധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയ വിവരം	4-1
2	സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-4
5	വായ്പ / വായ്പാതിരിച്ചടവ്	4-5
6	സ്ഥിര നിക്ഷേപം	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശങ്ങൾ	4-8
9	ചാർജ് /സർചാർജ് നടപടികളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1
പൊതു അവലോകനം

1-1 ബഡ്ജറ്റ്

2020- 21 ലെ ബഡ്ജറ്റ് 25/03/2020 ലെ 1/20-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ആയത് പ്രകാരമുള്ള മുൻബാക്കി, വരവ് ,ചെലവ്, നീക്കിബാക്കി എന്നിവയുടെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

മുൻബാക്കി	വരവ്	ആകെ	ചെലവ്	നീക്കിബാക്കി
282341	663678000	663960341	663560341	4,00,000

2020- 21 ലെ പുതുക്കിയ ബജറ്റ് 19/02/2021 ലെ 51/21-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ആയത് പ്രകാരമുള്ള മുൻബാക്കി, വരവ് ,ചെലവ്, നീക്കിബാക്കി എന്നിവയുടെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

മുൻബാക്കി	വരവ്	ആകെ	ചെലവ്	നീക്കിബാക്കി
1291214	628688000	629979214	629622341	356873

1-1-1 ബജറ്റ് നടപടിക്രമങ്ങൾ പാലിച്ചില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് ,വകുപ്പ് 214 ഉപവകുപ്പ് (1) പ്രകാരം വകുപ്പ് പ്രകാരം സർക്കാർ അതതു സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും, നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും വിധേയമായി വാർഷിക ബജറ്റ് രൂപീകരണത്തിനായി ബ്ളോക്ക്പഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്. എന്നാൽ അപ്രകാരം നിഷ്കർഷിച്ചിരിക്കുന്ന നടപടിക്രമങ്ങൾ പൂർണ്ണമായും പാലിച്ചുകൊണ്ടല്ല ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. ബജറ്റ് രൂപീകരണത്തിനായി പഞ്ചായത്ത് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

നടപടിക്രമങ്ങൾ	സമയം	സ്ഥിതിവിവരം
വിവിധ സ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി വിളിച്ചുചേർക്കേണ്ടത്	ഡിസംബർ 15-ന് മുമ്പ്	വിളിച്ച് ചേർത്തതായുള്ള രേഖകൾ സൂക്ഷിച്ചിട്ടില്ല.
സ്ഥാപന മേധാവികൾ പദ്ധതിയേതര നിർദ്ദേശങ്ങൾ സെക്രട്ടറിക്ക് സമർപ്പിക്കേണ്ടത്	ജനുവരി 15-ന് മുമ്പ്	സ്ഥാപന മേധാവികളിൽ നിന്നും പദ്ധതിയേതര നിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നത് 22/2/2020 നാണ്.
സ്റ്റാന്റിംഗ് കമ്മിറ്റികൾ എസ്റ്റിമേറ്റും നിർദ്ദേശങ്ങളും ചർച്ചചെയ്യേണ്ടത്	ജനുവരി 22-ന് മുമ്പ്	ആയത് നടന്നതായി കാണുന്നില്ല.
സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് എസ്റ്റിമേറ്റുകൾ സമർപ്പിക്കേണ്ടത്	ഫെബ്രുവരി 1-ന് മുമ്പ്	ബജറ്റ് രേഖകളായി ഫയലിൽ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ നടപടിക്രമങ്ങൾ പാലിച്ചോയെന്ന് ഉറപ്പാക്കാനായില്ല.
ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പദ്ധതി-പദ്ധതിയേതര നിർദ്ദേശങ്ങൾ സംയോജിപ്പിച്ച് കരട് ബജറ്റ് തയ്യാറാക്കേണ്ടത്	മാർച്ച് 1-ന് മുമ്പ്	ലഭ്യമല്ല
കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം പ്രസിഡന്റ് വിളിച്ചുചേർക്കേണ്ടത്	മാർച്ച് 7-ന് മുമ്പ്	വിളിച്ചു ചേർത്തതായി രേഖകളിൽ കാണുന്നില്ല.
ബഡ്ജറ്റ് അംഗീകരിക്കേണ്ടത്	മാർച്ച് 31-ന് മുമ്പ്	25/03/2020 ലെ 1/20-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു

സ.ഉ(സാധാ)നം.3291/2016/തസ്വഭവ തിയ്യതി 02.12.2016 പ്രകാരമുള്ള പഞ്ചായത്തുകളുടെ ബജറ്റ് മാന്വൽ അനുസരിച്ച് പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും ക്രോഡീകരിക്കുന്നതിനും ബജറ്റ് തയ്യാറാക്കുന്നതിനും സമയക്രമം നിശ്ചയിച്ചിട്ടുണ്ട്. നടപടിക്രമങ്ങളുടെ രേഖപ്പെടുത്തൽ ഉണ്ടായിട്ടില്ല.

1-1-2 ബജറ്റ് ഡോക്യുമെന്റ്സ് പ്രത്യേകം ഫയലാക്കി സൂക്ഷിച്ചിട്ടില്ല

വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1.ബജറ്റ് പ്രസംഗം

2.ബജറ്റ് കുറിപ്പുകൾ

3.ബജറ്റ് പത്രികകളും ബജറ്റ് ഷെഡ്യൂളുകളും

4.പെർഫോമൻസ് ബജറ്റ്

5.ജെൻഡർബജറ്റ്

എന്നാൽ 2020-21 സാമ്പത്തികവർഷത്തിൽ മേൽ സൂചിപ്പിച്ച രേഖകൾ പ്രത്യേകം ബജറ്റ് ഡോക്യുമെന്റ് ആയി സൂക്ഷിച്ചിട്ടില്ല.

1-1-3 ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ബജറ്റ് മാന്വൽ പ്രകാരമുള്ള അവലേകനം നടത്തുന്നില്ല

02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. പഞ്ചായത്തിന്റെ ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റിന്റെ മാസം തോറുമുള്ള അവലോകനം (Review), വരുമാനവും ചെലവും സംബന്ധിച്ച് മാന്വലിൽ വ്യക്തമാക്കിയ പട്ടികകൾ [(Table-കൾ) Table 4-1, Table 4-2] പ്രകാരം വിവരം തയ്യാറാക്കി നടത്താൻ ബജറ്റ് മാന്വൽ ഖണ്ഡിക 4-3 നിഷ്കർഷിക്കുന്നു. ഇപ്രകാരമുള്ള അവലോകനം എല്ലാ മാസവും 1-ാം തീയതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നിർവ്വഹിക്കേണ്ടതായിട്ടുണ്ട് [ബജറ്റ് മാന്വൽ ഖണ്ഡിക 4-4(iii)]. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനുട്ട്സ് പരിശോധിച്ചതിൽ മുകളിൽ വ്യക്തമാക്കിയ പ്രകാരമുള്ള മാസം തോറുമുള്ള ബജറ്റ് അവലോകനം നടന്നിട്ടില്ല.

മേൽ വിവരിച്ച ഒരു മാതൃകയിൽ വരുമാനം/ചെലവ് സംബന്ധിച്ച വാർഷിക വിവരങ്ങൾ തയ്യാറാക്കി എല്ലാ വർഷവും ഏപ്രിലിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒരു വാർഷിക അവലോകനം നിർവ്വഹിക്കേണ്ടതും തുടർന്ന് സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശകൾ സഹിതം വാർഷിക അവലോകന റിപ്പോർട്ട് ഗ്രാമപഞ്ചായത്ത് മുമ്പാകെ അവതരിപ്പിക്കേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5 വ്യക്തമാക്കുന്നു. എന്നാൽ ബ്ലോക്ക്പഞ്ചായത്ത് ഇപ്രകാരമുള്ള ഒരു ബജറ്റ് അവലോകനം (2020-21 സാമ്പത്തിക വർഷത്തെ സംബന്ധിച്ച്) നടത്തിയിട്ടില്ല.

പ്രതിമാസമുള്ളതും, വാർഷികവുമായ റിപ്പോർട്ടുകൾ പരിഗണിച്ച് ധനസമാഹരണം സംബന്ധിച്ചും സെക്രട്ടറി അടക്കമുള്ള നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ആവശ്യമായ തുടർനിർദ്ദേശം ഗ്രാമപഞ്ചായത്ത് നൽകേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5(xi) വ്യക്തമാക്കുന്നു. ഇപ്രകാരമുള്ള ഒരു ബജറ്റ് അവലോകനവും നടത്തിയിട്ടില്ല.

1-1-4 ബജറ്റിൽ ഉൾപ്പെടുത്താത്ത ഇനങ്ങൾക്ക് തുക ചെലവഴിക്കുകയും, ബജറ്റിൽ ഉൾപ്പെടുത്തിയതിനേ ക്കാൾ അധികം തുക ചെലവഴിക്കുകയും ചെയ്യുന്നു.

ബജറ്റിൽ ഉൾപ്പെടുത്താത്തതോ ഉൾപ്പെടുത്തിയതിൽ കൂടുതലോ ആയ ചെലവ് ചെയ്യുന്നതിന് മുമ്പ് സപ്ലിമെന്ററി ബജറ്റ് പാസ്സാക്കേണ്ടതാണ്. എന്നാൽ ഇത്തരത്തിലുള്ള നടപടിക്രമങ്ങളൊ പാലിക്കുന്നില്ല. മാത്രമല്ല ബജറ്റ് പുതുക്കിയിട്ടും ബജറ്റിൽ ഉൾപ്പെടുത്താത്ത ഇനങ്ങൾക്ക് തുക ചെലവഴിക്കുകയും പദ്ധതി ചെലവിലും , പദ്ധതിയേതര ചെലവിലും ബജറ്റിൽ വകയിരുത്തിയതിലും അധികം തുക ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

1. ബജറ്റിൽ ഉൾപ്പെടുത്താത്ത ഇനങ്ങൾക്ക് തുക ചെലവഴിച്ചു

ക്രമ നം	ശീർഷകം	ഇനം	തുക
1	240	Interest And Finance Charges	8076

2.ബജറ്റിൽ വകയിരുത്തിയതിലും അധികം തുക ചെലവഴിച്ചു - പദ്ധതിയേതര ഇനങ്ങൾ

ശീർഷകം	ഇനം	പുതുക്കിയ ബജറ്റിൽ വകയിരുത്തിയ തുക	ധനകാര്യപത്രിക പ്രകാരം ചെലവ്	റിമാർക്സ്
Establishment Expenses	210	2861000	3178211	317211 രൂപ അധികം ചെലവഴിച്ചു
Administrative Expenses	220	2923000	4421288	1498288 രൂപ അധികം ചെലവഴിച്ചു
Operation And Maintanance	230	360000	412541	52541 രൂപ അധികം ചെലവഴിച്ചു

3)ബജറ്റിൽ വകയിരുത്തിയതിലും അധികം തുക ചെലവഴിച്ചു - പദ്ധതിയേതര ഇനങ്ങൾ

ശീർഷകം	ഇനം	പുതുക്കിയ ബജറ്റിൽ വകയിരുത്തിയ തുക	ധനകാര്യപത്രിക പ്രകാരം ചെലവ്	റിമാർക്സ്
Plan Programme – Productive Sector	250	17442000	17603265	161265 രൂപ അധികം ചെലവഴിച്ചു

ഓഡിറ്റ് നിർദ്ദേശങ്ങൾ

1.സ്ഥാപനമേധാവികളുടെ യോഗം വിളിച്ച് ചേർത്ത് ബജറ്റ് സംബന്ധിച്ച പ്രാഥമികകാര്യങ്ങൾ ചർച്ച ചെയ്യേണ്ടതാണ്.

2.എല്ലാ ഘടകസ്ഥാപനമേധാവികളിൽ നിന്നും പദ്ധതിയേതരചെലവ് സംബന്ധിച്ച ബജറ്റ് നിർദ്ദേശങ്ങൾ ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

3.ബജറ്റ് സംബന്ധിച്ച ബജറ്റ് മാന്വൽ പ്രകാരമുള്ള രേഖകൾ ബജറ്റ് രേഖകളായി സൂക്ഷിക്കേണ്ടതാണ്.

4.എല്ലാ പ്രതീക്ഷിത ഇനങ്ങളും ബജറ്റിൽ ഉൾപ്പെട്ടുവെന്ന് ഉറപ്പാക്കേണ്ടതും പ്രസക്തമല്ലാത്ത ഇനങ്ങൾ ഒഴിവാക്കേണ്ടതുമാണ്.

5.പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി തയ്യാറാക്കുന്ന ബജറ്റിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്

6.കേരള പഞ്ചായത്തീരാജ് ആക്ട് വകുപ്പ് 214 മുതൽ 293 വരെയുള്ള വകുപ്പുകളിൽ അനുശാസിക്കുന്ന രീതിയിൽ അപാകതകളില്ലാതെ ബജറ്റ് തയ്യാറാക്കുന്നതിനും യഥാർത്ഥ വരവ് ചെലവുകൾക്കനുസരിച്ച് ബജറ്റ് പുതുക്കുന്നതിനും നടപടിക്രമങ്ങൾ പൂർണമായും പാലിച്ചുകൊണ്ട് ബജറ്റ് തയ്യാറാക്കുന്നതിനും കേരള സർക്കാരിന്റെ ബജറ്റ് നിർദ്ദേശങ്ങൾ പ്രകാരമുള്ള അധികവിഭവസമാഹരണത്തിനുള്ള സർക്കാർ ഉത്തരവുകൾ തനത് വരുമാനവർദ്ധനവിന് ഉതകുന്ന രീതിയിൽ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കുന്ന സുപ്രധാന രേഖയാണ് ബജറ്റ്. വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തെ പ്രതീക്ഷിത വരവു-ചെലവുകൾ കണക്കിലെടുത്തു ബജറ്റ് തയ്യാറാക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതോടൊപ്പം ബജറ്റിനെ അതിലംഘിക്കുന്ന ചെലവുകൾ ഉണ്ടാകാതിരിക്കാനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതുണ്ട്.

മേൽ ഖണ്ഡികകളിൽ സൂചിപ്പിച്ച അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-2 വാർഷിക കണക്കുകൾ ലഭിച്ചതിന്റെ വിവരം

ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി	അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി	അപാകത പരിഹരിച്ച് ലഭിച്ച തീയതി
31.07.2019	01.07.2021	ഇല്ല	---

1-3 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	1,65,02,098
തൻവർഷ വരവ്	10,72,98,438
ആകെ	12,38,00,536
ചെലവ്	11,41,65,890
നീക്കിയിരിപ്പ്	96,34,646

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുൻബാക്കി	വരവ്	ആകെ	ചെലവ്	ലാപ്സായ തുക
വികസന ഫണ്ട് -ജനറൽ (ACR പ്രകാരം)	0	46331802		44931639	1400163
വികസന ഫണ്ട്- എസ്.സി.പി (ACR പ്രകാരം)	0	4975134		4272602	702532
വികസന ഫണ്ട്- ടി.എസ്.പി (ACR പ്രകാരം)	0	27518000		25333476	2184524
മെയിന്റനൻസ്, റോഡ് (ACR പ്രകാരം)	0	0	0	0	0
മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം)	0	8068558		6476913	1591645
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം)	0	17400000		9824776	7575224

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്കുകളു ശതമാനം
100	157933227	86	90853509	0	14	86%

നിർവ്വഹണ ഉദ്യോഗസ്ഥർ	പദ്ധതികളുടെ എണ്ണം	നടപ്പാക്കിയത്	ആകെ അടങ്കൽ തുക	ചെലവഴിച്ച തുക	ചെലവ് %
സെക്രട്ടറി	32	27	63647206	39213611	61.61
അസി.എക്സിക്യൂട്ടീവ് എഞ്ചീനീയർ	16	13	1107584	8132869	73.42
അസിസ്റ്റന്റ് എഞ്ചീനീയർ	31	28	19632901	15414373	78.51
വ്യവസായ വികസന ഓഫീസർ	1	0	5080000	0	0
മെഡിക്കൽ ഓഫീസർ (സി.എച്ച്.സി)	8	7	10958259	9652601	88.08
ശിശുവികസന പദ്ധതി ഓഫീസർ	2	1	2500000	1000000	50
കൃഷി അസിസ്റ്റന്റ് ഡയറക്ടർ	3	3	8504000	2848685	33.5
ക്ഷീര വികസന ഓഫീസർ / വെറ്ററിനറി സർജൻ	4	4	32282273	11416075	35.36
പട്ടികജാതി വികസന ഓഫീസർ	3	3	4252739	3175295	74.66
ആകെ	100				

സ്പിൽ ഓവർ പദ്ധതികളിലെ തുക ചെലവ് പത്രികയിൽ ഉൾപ്പെടുത്തുന്നില്ല

സ.ഉ(സാധാ) നം.724/2020/തസ്വഭവ തീ: 31.03.2020 പ്രകാരം 2019 -20 ൽ ഉൾപ്പെടുത്തിയതും ഭൗതികവും സാമ്പത്തികവുമായ നിർവഹണം പൂർത്തിയാകാത്തതുമായ പ്രോജക്ടുകൾ 2020 – 21 സാമ്പത്തിക വർഷത്തിൽ സ്പിൽ ഓവർ പദ്ധതികളായി നടത്തുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ചുവടെ കൊടുക്കുന്ന പദ്ധതികൾക്ക് നിർവഹണ ഉദ്യോഗസ്ഥർ തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും ചെലവ് പത്രകയിൽ ഉൾപ്പെട്ടിട്ടില്ല.

ക്രമ നമ്പർ	നിർവഹണ ഉദ്യോഗസ്ഥൻ	പദ്ധതി	തുക
1	ശിശുവികസന ഓഫീസർ	ഭിന്നശേഷിക്കാർക്ക് സൈഡ് വീലോടു കൂടിയ സ്ക്കൂട്ടർ - ജനറല്	₹9,47,218
		ഭിന്നശേഷിക്കാർക്ക് സൈഡ് വീലോടു കൂടിയ സ്ക്കൂട്ടർ - വനിത	₹1,57,870
	കൃഷി അസിസ്റ്റന്റ് ഡയറക്ടർ	നെൽകൃഷി പ്രോത്സാഹനം കൂലി ചെലവ് സബ്സിഡി - പഞ്ചായത്ത് വിഹിതം നൽകൽ - ജനറൽ	₹24,52,579
		പട്ടിക വർഗ്ഗ നെൽകർഷകർക്ക് കൂലി ചെലവ് സബ്സിഡി - പഞ്ചായത്ത് വിഹിതം നൽകൽ	₹2,87,206

സ്പിൽ ഓവർ പദ്ധതികളുടെ വിശദാംശങ്ങൾ ചെലവ് പത്രികയിൽ ഉൾപ്പെടുത്താത്തത് പഞ്ചായത്തിന്റെ പദ്ധതി ചെലവിൽ കുറവ് വരുത്തുന്നു.പട്ടികയിൽ സൂചിപ്പിച്ച പദ്ധതി ചെലവുകൾ ചെലവ് പത്രികയിൽ ഉൾപ്പെടുത്താത്തിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (8/ 2020-21/ 21.03.2022) മറുപടി ലഭ്യമാക്കിയിട്ടില്ല.വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-6 തൊഴിലുറപ്പു പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിബാക്കി
ഭരണചെലവുകൾ	140728	3589897	3730625	3606933	123692

1-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.03.2022ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 0/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1- 8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോർമൻസ് ഓഡിറ്റ്	14/09/2012	26/07/2011 - 31/03/2012	11/12/2012
അക്കൗണ്ട് ജനറലിന്റെ ഓഡിറ്റ്	30/04/2013	2008-09 – 2012 -13	10/06/2013

1-9 ആഭ്യന്തര നിയന്ത്രണം

പനമരം ബ്ലോക്ക്പഞ്ചായത്തിന്റെ വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ ആഭ്യന്തരനിയന്ത്രണ സംവിധാനം മെച്ചപ്പെടേണ്ടതുണ്ടെന്ന് കാണുന്നു.

ധനമാനേജ്മെന്റിന് അടിസ്ഥാനമായ ബജറ്റ് തയ്യാറാക്കുന്നതിൽ നിയമപ്രകാരമുള്ള നടപടികൾ

പാലിക്കുന്നതിൽ ബ്ലോക്ക്പഞ്ചായത്തിന് വീഴ്ച ഉണ്ടായിട്ടുണ്ട്. നിർവഹണ ഉദ്യോഗസ്ഥർ സമർപ്പിച്ച ബജറ്റ് പ്രപ്പോസലുകളും ആയതിന്റെ അടിസ്ഥാനത്തിൽ സ്റ്റാന്റിംഗ് കമ്മറ്റികൾ അംഗീകരിച്ചു നൽകിയ ബജറ്റ് നിർദ്ദേശങ്ങളും അടങ്ങുന്ന ഫയൽ സൂക്ഷിക്കുന്നതായി കാണുന്നില്ല.ബജറ്റ് തയ്യാറാക്കുന്നതിൽ നിയമപ്രകാരമുള്ള നടപടികൾ പാലിക്കുന്നതിൽ ബ്ലോക്ക്പഞ്ചായത്തിന് വീഴ്ച ഉണ്ടായിട്ടുണ്ട്.ബജറ്റ് കുറ്റമറ്റതായും വസ്തുനിഷ്ഠവുമായും തയ്യാറാക്കുന്നതിൽ വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളും നിർവ്വഹണ ഉദ്യോഗസ്ഥരും ഭരണസമിതിയും ശ്രദ്ധിക്കേണ്ടതാണ്. ബജറ്റ് പരിധിയിൽ നിന്ന് ചെലവ് ചെയ്യേണ്ടതും പരിഷ്കരിച്ച ബജറ്റ് അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതുമാണ്. വാർഷിക പദ്ധതി ബജറ്റുമായി സംയോജിപ്പിക്കേണ്ടതും ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ എല്ലാ മാസവും പൊരുത്തപ്പെടുത്തൽ നടത്തേണ്ടതുമാണ്. ഇതു സംബന്ധിച്ച വിശദവിവരം ഖണ്ഡിക 1-1 ൽ കൊടുത്തിട്ടുണ്ട്.

സ്റ്റാന്റിങ്ങ് കമ്മിറ്റി കൃത്യമായി യോഗം ചേർന്നിട്ടുണ്ട്. യോഗ തീരുമാനങ്ങൾ കൃത്യമായി മിനിട്ട്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് ഓഫീസിന് ISO 9001 സർട്ടിഫിക്കേഷൻ ലഭിച്ചിട്ടുണ്ട്, എന്നാൽ ഒരു ഘടകസ്ഥാപനങ്ങൾക്കും ISO സർട്ടിഫിക്കേഷൻ ലഭിച്ചിട്ടില്ല. ഓഡിറ്റ് വർഷത്തിൽ ഓരോ മാസത്തെയും ചെലവുകൾ തൊട്ടടുത്ത മാസം തന്നെ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി അംഗീകരിക്കുന്നുണ്ട്.ബ്ലോക്ക്പഞ്ചായത്തിന് പുതിയ വരുമാനമാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും, ഉള്ളവ വർദ്ധിപ്പിക്കുന്നതിനുമുള്ള തീരുമാനങ്ങൾ എടുത്തു നടപ്പിലാക്കുന്നതിന് ധനകാര്യസ്റ്റാന്റിങ് കമ്മിറ്റി നടപടി സ്വീകരിക്കേണ്ടതാണ്. തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തുന്നതിനും ചുമത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിച്ചിട്ടില്ല.ബ്ലോക്ക് പഞ്ചായത്തിന്റെ ജനറൽ കമ്മിറ്റിയുടെ മിനിട്ട്സ് സകർമ്മ സോഫ്റ്റ് വെയർ ഉപയോഗിച്ചാണ് രേഖപ്പെടുത്തുന്നത്.എന്നാൽ 2020-21 വർഷത്തിൽ ഭരണ സമിതി മിനിറ്റ്സ് ചട്ടപ്രകാരമുള്ള സമയപരിധിക്കുള്ളിൽ ക്ലോസ് ചെയ്തിട്ടില്ല. ഭരണസമിതി മിനിറ്റ്സ് സമയപരിധി കഴിഞ്ഞ് ക്ലോസ് ചെയ്ത ചില യോഗത്തിയ്യതികളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

യോഗം ചേർന്ന തിയതി	മിനിട്ടസ് ക്ളോസ് ചെയ്ത തിയതി	മിനിട്ടസ് ക്ളോസ് ചെയ്താനെടുത്ത കാലതാമസം
18/02/21	16/08/21	182ദിവസം
20/02/21	28/06/21	111ദിവസം
18/02/21	16/08/21	210ദിവസം
22/03/21	16/08/21	179ദിവസം

സമയപരിധിക്കുള്ളിൽ മിനിറ്റ്സ് ക്ലോസ് ചെയ്യാത്തതുമൂലം എല്ലാ തീരുമാനങ്ങളും ഭരണ സമിതി കൈക്കൊണ്ടിട്ടുള്ളതാണോ, പിന്നീട് കൂട്ടിചേർക്കപ്പെട്ടതാണോ എന്ന് മിനിട്ട്സ് പരിശോധിക്കുന്ന ആർക്കും തിട്ടപ്പെടുത്താൻ സാധിയ്ക്കാത്ത അവസ്ഥയാണുള്ളത്.

ബാങ്ക്/ട്രഷറി എകൗണ്ടുകളുടെ പ്രതിമാസ റീക്കൺസിലേഷൻ തയ്യാറാക്കി ആയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല. അക്കൗണ്ട് തയ്യാറാക്കിയതിലെ വീഴ്ച ഈ റിപ്പോർട്ടിൽ പ്രത്യേക ഖണ്ഡികയായി പരാമർശിച്ചിട്ടുണ്ട്.

വൗച്ചറുകൾ പ്രസിഡണ്ട് ഒപ്പു വെച്ച് അധികൃതമാക്കുന്നുണ്ട്. ബ്ലോക്ക്പഞ്ചായത്തിൽ ഉദ്യോഗസ്ഥരുടെ ചുമതലകൾ വ്യക്തമായി നിർവചിക്കുകയും ഓഫീസ് ഉത്തരവുകളുടെ അടിസ്ഥാനത്തിൽ വിഭജിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.ഓഫീസിൽ ലഭിക്കുന്ന മുഴുവൻ തപാലുകളും കൈകാര്യം ചെയ്യുന്നതിനുവേണ്ടി സൂചിക സോഫ്റ്റ്വെയർ തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ തപാൽ വിതരണം മാത്രമേ സൂചികയിൽ ചെയ്യുന്നുള്ളൂ. വിവിധ സെക്ഷനുകളുൾ തപാലുകൾ കൈപ്പറ്റുമ്പോൾ തപാൽ കൈപ്പറ്റിയ തിയ്യതി രേഖപ്പെടുത്തുന്നില്ല. വിവിധ സെക്ഷനുകളുടെ പെഴ്സണൽ രജിസ്റ്റർ പരിശോധനയിൽ, സെക്ഷനുകളിൽ നിന്നും തപാലുകൾ മേലധികാരിക്ക് സമർപ്പിച്ച തിയ്യതി,തപാൽ ക്ലാർക്കിന് തിരിച്ചു കിട്ടിയ തിയ്യതി, തീർപ്പാക്കൽ സംബന്ധിച്ച രേഖപ്പെടുത്തലുകൾ എന്നിവയൊന്നും രേഖപ്പെടുത്തിയിട്ടില്ല. തൻപതിവേടുകളിൽ മാസാന്ത്യ വിലയിരുത്തൽ നടത്തി പെന്റിംഗ് ഫയലുകൾ സംബന്ധമായ വിവരങ്ങൾ രേഖപ്പെടുത്തുകയോ മേലുദ്യോഗസ്ഥർ അത് പരിശോധിക്കുകയോ ചെയ്യുന്നില്ലെന്ന് കണ്ടെത്താൻ കഴിഞ്ഞു. ഓരോ പേഴ്സണൽ രജിസ്റ്ററിനോടൊപ്പവും ഒരു കലണ്ടർ വർഷം നീളുന്ന ഒരു തുടർ കുറിപ്പ് ഫയൽ (Running Note File) സൂക്ഷിക്കേണ്ടതാണെങ്കിലും ഡി സെക്ഷൻ ഒഴികെ മറ്റ് സെക്ഷനുകൾ റണ്ണിംഗ് നോട്ട് സൂക്ഷിക്കുന്നില്ല. ബ്ലോക്ക്പഞ്ചായത്തിൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ പേഴ്സണൽ രജിസ്റ്റർ പരിശോധിച്ച് മാസാന്ത്യ സംഗ്രഹം സാക്ഷ്യപ്പെടുത്തുന്നില്ല. പല സെക്ഷനുകളുടേയും പേഴ്സണൽ രജിസ്റ്ററുകളിൽ തപാൽ ലഭിച്ചതിന്റെ വിവരം മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. തുടർ നടപടികൾ സ്വീകരിച്ചതിന്റെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥരുടെ ശ്രദ്ധ ഈ വിഷയത്തിലേക്ക് പതിയേണ്ടിയിരിക്കുന്നു.പ്രതിമാസം സ്റ്റാഫ് മീറ്റിങ്ങുകൾ വിളിച്ചുകൂട്ടി ഓഫീസ് പ്രവർത്തനം വിലയിരുത്തുന്ന കാര്യത്തിൽ ശ്രദ്ധിച്ചിട്ടുണ്ടെങ്കിലും പല തീരുമാനങ്ങളും ഓഫീസ് മീറ്റിംഗുകളിലും ഓഫീസ് ഉത്തരവുകളിലും ഒതുങ്ങിയതായി കണ്ടെത്താൻ സാധിച്ചു.മുൻകാല ഓഡിറ്റു റിപ്പോർട്ടുകൾ തീർപ്പാക്കുന്ന കാര്യത്തിൽ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഓഡിറ്റ് കാലയളവിൽ കാര്യമായ പ്രവർത്തനങ്ങളൊന്നും ഉണ്ടായതായി കാണുന്നില്ല.

വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം തൃപ്തികരമല്ല. പ്രോജക്ടുകളുടെ കൃത്യമായ മോണിറ്ററിംഗ് നടക്കുന്നില്ല. വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സ് കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. എല്ലാ വർക്കിംഗ് ഗ്രൂപ്പുകളുടേയും മിനിറ്റ്സ് ബുക്കിലെ പേജുകൾ ഒഴിച്ചിട്ട നിലയിലും യോഗനടപടികൾ എഴുതി പൂർത്തീകരിക്കാത്ത നിലയിലാണുള്ളത്. വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കണം എന്നുള്ള സർക്കാർ

മാർഗ്ഗനിർദ്ദേശം പാലിക്കുന്നില്ല.

ബ്ലോക്ക്പഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തരനിയന്ത്രണ സംവിധാനം അത്യന്താപേക്ഷിതമാണ്.

1-10 വാർഷികകണക്കുകളിലെ അപാകതകൾ

പനമരം ബ്ലോക്ക്പഞ്ചായത്തിന്റെ 2020-21 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക ഭരണസമിതിയുടെ 29/06/21 തിയ്യതിയിലെ 5/1ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് ഓഡിറ്റിന് സമർപ്പിച്ചിട്ടുള്ളതാണ് വാർഷിക ധനകാര്യ പത്രിക പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

1.അ**ക്കൗ**ണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. വാർഷിക കണക്കിനോടൊപ്പം അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), അകൗണ്ടിംഗ് കുറിപ്പുകൾ എന്നിവ സമർപ്പിച്ചിട്ടില്ല.

2.2020-21 സാമ്പത്തീക വർഷം അ**ക്കൗ**ണ്ടുകൾ റീ കൺസീൽ ചെയ്ത് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

അപാകത ചൂണ്ടിക്കാണിച്ചു നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (ഓഡിറ്റ് എൻകൃയറി.നം. 2/2020-21,തീയതി 21.03.2022) മറുപടിയായി ഓഡിറ്റ് സമാപന ദിവസം അകൗണ്ടുകൾ റീക്കൺസീൽ ചെയ്ത പത്രികകൾ ഹാജരാക്കിയിട്ടുണ്ട്. സമയ പരിമിതിമൂലം പരിശോധിക്കാൻ സാധിച്ചിട്ടില്ല.പരിശോദനയ്ക്ക് ഹാജരാക്കേണ്ടതാണ്.

3.പ്രത്യേക ഉദ്ദേശ ഗ്രാന്റുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

തനത് ഫണ്ടിനൊപ്പം നിക്ഷേപിച്ചിട്ടുള്ള പ്രത്യേക ഉദ്ദേശ ഗ്രാന്റ് തുകകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. തനതുഫണ്ട് അ**ക്കൗ**ണ്ടുകളുടെ നീക്കിയിരിപ്പിൽ അവശേഷിക്കുന്ന ഗ്രാന്റ് തുകകളുടെ വിശദാംശം ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

4.വിവിധ രജിസ്റ്ററുകൾ കാലികമാക്കി സൂക്ഷിക്കുന്നില്ല-

വിവിധ രജിസ്റ്ററുകൾ കാലികമാക്കി സൂക്ഷിക്കാത്തതിനാൽ അ**ക്കൗ**ണ്ടുകളുടെ കൃത്യത, തിരിച്ചു കിട്ടാനുള്ള തുകയുടെ കാലാവധി എന്നിവ പരിശോധിക്കാൻ സാധിച്ചിട്ടില്ല. മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശം ഉണ്ടായിട്ടും നാളിതുവരെ മേൽ രജിസ്റ്ററുകൾ തയ്യാറാക്കിയിട്ടില്ല.വിശദ വിവരം ചുവടെ കൊടുക്കുന്നു.

A) ഡെപ്പോസിറ്റ് രജിസ്റ്റർ:-

ബാലൻസ് ഷീറ്റ് ബി 7ഷെഡ്യൂൾ പ്രകാരം ബ്ലോക്ക് പഞ്ചായത്ത് വിവിധ ഡെപ്പോസിറ്റുകളായി സ്വീകരിച്ച 26,87,983/- രൂപ തിരികെ നൽകാനുള്ളതായി കാണുന്നു.എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഇവയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

B)അഡ്വാൻസ് രജിസ്റ്റർ:-

ബാലൻസ് ഷീറ്റ് B-18 ഷെഡ്യൂൾ പ്രകാരം അഡ്വാൻസ് ഇനത്തിൽ നൽകിയ 37,33,950/- രൂപ ബ്ലോക്ക്പഞ്ചായത്തിന് തിരികെ ലഭിക്കാനുണ്ട്.രജിസ്റ്റർ എഴുതി സൂക്ഷിക്കാത്തതിനാൽ ഈ തുകയുടെ കൃത്യത പരിശോധിച്ച് ഉറപ്പു വരുത്താൻ സാധിച്ചിട്ടില്ല.

അപാകത ചൂണ്ടിക്കാണിച്ചു നൽകിയ ഓഡിറ്റ് എൻകൃയറിക്ക് മറുപടിയായി ഡെപ്പോസിറ്റ് രജിസ്റ്ററും അഡ്വാൻസ് രജിസ്റ്ററും 2022 വർഷത്തിൽ പുതിയതായി തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ട്. രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

5.Day Book,Cash Book ദൈനംദിനം പ്രിന്റ് എടുത്ത് സെക്രട്ടറി /അക്കൗണ്ട്സ് ഓഫീസർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല

കേരള പഞ്ചായത്തീരാജ് അ**ക്കൗ**ണ്ട് ചട്ടങ്ങൾ 2011(ചട്ടം 5(3),(4)) പ്രകാരം Day Book,Cash Book എന്നിവ ദൈനംദിനം പ്രിന്റ് എടുത്ത് സെക്രട്ടറി /അക്കൗണ്ട്സ് ഓഫീസർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ദൈനം ദിനം പ്രിന്റെടുത്ത് സൂക്ഷിച്ചിട്ടില്ല.

6. ബാലൻസ് ഷീറ്റ് ബി-18 ഷെഡ്യൂൾ പ്രകാരം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്കും ഏജൻസികൾക്കുമായി 462,253/-രൂപ അഡ്വാൻസ് ഇനത്തിൽ നൽകിയിട്ടുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

അ**ക്കൗ**ണ്ട് കോഡ്	അ**ക്കൗ**ണ്ട് ഹെഡ്ഡ്	തുക
460100103	Temporary Advance For Official Pupose	2,56,906
460100199	Other Advance	12,63,234
460500204	Advance To Implementing Agencies	21,10,810

460509901	Advance To Others	1,00,000

അ**ക്കൗ**ണ്ട് പരിശോധിച്ചതിൽ, വിവിധ ചെലവുകൾക്കായി അഡ്വാൻസ് ഇനത്തിൽ നൽകിയിട്ടുള്ള തുക കിഴിക്കാതെയാണ് അതത് ഇനത്തിലുള്ള പെയ്മെന്റ് നടത്തിയതെന്ന് കണ്ടെത്താൻ സാധിച്ചു. അഡ്വാൻസ് ഇനത്തിൽ നൽകിയ 37,33,950/-രൂപ തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

7.വാർഷിക കണക്കിൽ സ്ഥാപനത്തിന്റെ ബാധ്യത പെരുപ്പിച്ചു കാണിച്ചു:-

അ**ക്കൗ**ണ്ട് ഹെഡ് 350800299 (B-9) പ്രകാരം മറ്റു ബാധ്യതകൾ എന്ന ശീർഷകത്തിൽ 73,99,461/- രൂപ ബാധ്യതയായി കാണിച്ചിട്ടുണ്ട്. ഈ തുക യഥാർത്ഥ ബാധ്യതയല്ലെന്നാണ് വാർഷിക കണക്ക് പരിശോധനയിൽ കണ്ടെത്താൻ സാധിച്ചത്. ബാധ്യതയായി കാണിച്ചിട്ടുള്ള മേൽ തുക ഏതെല്ലാം ഇനത്തിലുള്ളതാണെന്ന് വിശദീകരിക്കേണ്ടതാണ്.

8.ഡിപ്രീസിയേഷൻ

ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-17(a) പ്രകാരം ഡിപ്രീസിയേഷൻ ഇനത്തിൽ 18,88,3214/- രൂപ കാണിച്ചിട്ടുണ്ട്.ഡിപ്രീസിയേഷൻ കണക്കാക്കിയതിന്റെ വർക്ക് ഷീറ്റ് തയ്യാറാക്കിയിട്ടില്ലാത്തതിനാൽ എല്ലാ സ്ഥിരാസ്തികൾക്കും ഡിപ്രീസിയേഷൻ കണക്കാക്കിയോ എന്നും യഥാർത്ഥ തേയ്മാനം തന്നെയാണോ വാർഷിക കണക്കിൽ ഉൾക്കൊള്ളിച്ചതെന്നും തിട്ടപ്പെടുത്താൻ സാധിച്ചിട്ടില്ല.

9. ബാങ്ക് സ്റ്റേറ്റ്മെന്റ്/ട്രഷറി സ്റ്റേറ്റ്മെന്റ് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല:-

2020-21 സാമ്പത്തീക വർഷം അ**ക്കൗ**ണ്ടുകൾ റീക്കൺസീൽ ചെയ്ത് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ചുവടെ കൊടുക്കുന്ന അ**ക്കൗ**ണ്ടുകളുടെ ബാങ്ക് സ്റ്റേറ്റ്മെന്റ്/**ട്രഷറി സ്റ്റേറ്റ്മെന്റ്** ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

അ**ക്കൗ**ണ്ട് ഹെഡ്	അ**ക്കൗ**ണ്ട് വിവരങ്ങൾ	നീക്കിയിരിപ്പ് (31/03/21)
450250104	LTSB 1097	10,11,088
450450109	Treasury Special Fund-9	1,47,648

ബാലൻസ് ഷീറ്റ് B-17 ഷെഡ്യൂൾ പ്രകാരം 9,63,46,46 രൂപ വിവിധ അ**ക്കൗ**ണ്ടുകളുടെ നീക്കിയിരിപ്പുണ്ട്. ഈ തുകകളുടെടെ കൃത്യത ബാങ്ക് സ്റ്റേറ്റ്മെന്റ്/**ട്രഷറി സ്റ്റേറ്റ്മെന്റുകളും റീക്കൺസീലിയേഷൻ സ്റ്റേറ്റ്മെന്റുകളും** ഹാജരാക്കാത്തതിനാൽ പരിശോധിച്ച് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

അപാകത ചൂണ്ടിക്കാണിച്ചു നൽകിയ ഓഡിറ്റ് എൻകയറിക്ക് (ഓഡിറ്റ് എൻകയറി.നം. 2/2020-21,തീയതി 21.03.2022) മറുപടിയായി ഓഡിറ്റ് സമാപന ദിവസം അകൗണ്ടുകൾ റീക്കൺസീൽ ചെയ്ത് പത്രികകൾ ഹാജരാക്കിയിട്ടുണ്ട്. സമയ പരിമിതിമൂലം പരിശോധിക്കാൻ സാധിച്ചിട്ടില്ല.പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

10.Sale Of Tender Form:-

ടെൻഡർഫോം വിറ്റു വരവ് ഇനത്തിൽ വാർഷിക കണക്കിൽ 15,568/- രൂപ വരവ് കാണിച്ചിട്ടുണ്ട്. വരവുകളുടെ കൃത്യത പരിശോധിക്കാനാവശ്യമായ രേഖകളും രജിസ്റ്ററുകളും സാക്ഷ്യപ്പെടുത്തി ഹാജരാക്കിയിട്ടില്ല.

11)ബാങ്ക് പലിശ:-

തൻ വർഷം ബാങ്ക് പലിശയിനത്തിൽ 3,99,320/- രൂപ വരവുണ്ട്. ഇത് ഏതൊക്കെ അക്കൗണ്ടിൽ നിന്നുള്ളതാണെന്നുള്ള രേഖകൾ ഹാജരാക്കേണ്ടതാണ്.

12) RP-18 ഷെഡ്യൂളിലെ അക്കൗണ്ട് ഹെഡ് 220100299 മറ്റിനങ്ങൾ എന്ന ശീർഷകത്തിൽ 3,46,131/- രൂപയുടെ ചെലവ് കാണിച്ചിട്ടുണ്ട്. വിശദമായ സ്റ്റേറ്റ്മെന്റ് ഹാജരാക്കാത്തതിനാൽ ഈ ശീർഷകത്തിൽ ഭരണച്ചെലവുകൾ മാത്രമാണോ ഉൾക്കൊള്ളിച്ചതെന്ന് തിട്ടപ്പെടുത്താൻ സാധിച്ചിട്ടില്ല.

13)ഷെഡ്യൂൾ B-9 പ്രകാരം 83,64,514 രൂപ ബാദ്ധ്യതയായി കാണിച്ചിട്ടുണ്ട് വിശദ വിവരം ചുവടെ കൊടുക്കുന്നു.

അക്കൗണ്ട് ഹെഡ്	ഇനം	തുക
350200112	Recoveries Payabble - ബാങ്കുകൾ മറ്റ് ധനകാര്യ സ്ഥാപനങ്ങൾ	14,172
350200201	Recoveries Payabble -ഇൻകം ടാക്സ്	1,531
350200203	Recoveries Payabble -കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി	76,615
350200299	Recoveries Payabble -മറ്റ് കിഴിവുകൾ	27,147
350300103	വാറ്റ്	9,217
350300110	ജി എസ് ടി	90,898
350300111	എസ് ജി എസ് ടി	84,833

350300116	ഫ്ലഡ് സെസ്സ്	24,936
350300199	ഗവൺമെന്റിലേക്കുള്ള മറ്റ് അടവുകൾ	4,544
350400501	Refunds Payable- ഗ്രാന്റ്സ് & ഫണ്ട്സ്	1,55,500
350400701	Refunds Payable- ഡെപ്പോസിറ്റ് വർക്ക്സ്	41,546
350409901	Refunds Payable- മറ്റുള്ളവ	3,19,592
350800101	കാലാവധി കഴിഞ്ഞ ചെക്കുകൾ	1,14,504
350800299	മറ്റ് ബാദ്ധ്യതകൾ	73,99,461

വാർഷിക കണക്ക് പരിശോധനയിൽ ബാദ്ധ്യതയായി ഉൾപ്പെടുത്തിയ ഇനങ്ങളിൽ ഭൂരിഭാഗവും സർക്കാരിലേക്ക് നികുതിയിനത്തിൽ അടക്കേണ്ട തുകയാണ്. ഈ തുക വർഷങ്ങളായി ക്യാരി ഫോർവേഡ് ചെയ്തു വന്ന തുകതാണ്. നികുതിയിനത്തിൽ സർക്കാരിലേക്ക് അടക്കേണ്ട തുക കാലാകാലങ്ങളിൽ അടവാക്കാത്തതിനുള്ള വിശദീകരണം നൽകേണ്ടതും സർക്കാരിലേക്ക് ഒടുക്കാനുള്ള തുക ഒടുക്കി വിവരം അറിയിക്കേണ്ടതുമാണ്.

350800299 എന്ന ശീർഷകത്തിൽ ബാദ്ധ്യതയായി കാണിച്ച 73,99,461/-രൂപ ഏതൊക്കെ ഇനത്തിലാണെന്ന് വിശദീകരിക്കേണ്ടതാണ്.

അപാകതകൾ ചൂണ്ടിക്കാണിച്ചു നൽകിയ ഓഡിറ്റ് എൻകൃയറിക്കുള്ള(ഓഡിറ്റ് എൻകൃയറി.നം. 2/2020-21,തീയതി 21.03.2022)മറുപടിയിൽ അപാകത പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഓഡിറ്റ് എൻകൃയറിക്ക് തൃപ്തികരമായ വിശദീകരണം കിട്ടിയ അപാകതകളെല്ലാം ഓഡിറ്റ് പരാമർശത്തിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

1-11 രസീതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

2020-21 വാർഷിക ഓഡിറ്റിന്റെ ഭാഗമായുള്ള രസീതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

1.**രസീതി ബുക്കിൽ സെക്രട്ടറി സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തുന്നില്ല:-**

കെ ടി സി വോല്യം I ആർട്ടിക്കിൾ 92(b) കുറിപ്പ് 2 പ്രകാരം ഓരോ രസീതി ബുക്കും ലഭ്യമായ ഉടൻ സൂക്ഷ്മമായി പരിശോധിച്ച് സെക്രട്ടറി സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ചുവടെ കൊടുത്തിരിക്കുന്ന രസീതി ബുക്കുകളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തിയിട്ടില്ല.

രസീതി ബുക്ക് നം.	ഇഷ്യൂ ചെയ്ത തിയ്യതി
97	02/09/2021
95	16/09/2021
1027	28/01/2021
1028	28/01/2021

അപാകത ചൂണ്ടിക്കാണിച്ചു നൽകിയ ഓഡിറ്റ് എൻകൃയറിക്കു മറുപടിയായി ,രസീതികളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തി ഹാജരാക്കി. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2.**നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്ന് ഉപയോഗശേഷം രസീതി ബുക്ക് തിരികെ വാങ്ങി സൂക്ഷിക്കുന്നില്ല-**

നിർവ്വഹണ ഉദ്യോഗസ്ഥനായ സീനിയർ വെറ്റിനറി സർജ്ജന് **97, 95, 1027, 1028**എന്നീ നമ്പറുകളിലുള്ള രസീതി ബുക്കുകൾ ഇഷ്യൂ ചെയ്തിട്ടുണ്ട്. ഇഷ്യൂ വിവരം ചുവടെ കൊടുക്കുന്നു.

രസീതി ബുക്ക് നം.	ഇഷ്യൂ ചെയ്ത തിയ്യതി
97	02/09/2021
95	16/09/2021
1027	28/01/2021
1028	28/01/2021

ഈ രസീതി ബുക്കുകൾ ഉപയോഗിച്ച് ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്ത് ബ്ലോക്ക് പഞ്ചായത്തിൽ അടവാക്കിയിട്ടുള്ളതാണ്(മുകളിൽ കൊടുത്ത തുക ഒഴികെ). ഉപയോഗശേഷം നിർവ്വഹണ ഉദ്യോഗസ്ഥൻ രസീതി ബുക്ക് തിരിച്ചേൽപ്പിച്ചെങ്കിലും രസീതി ബുക്ക് ബ്ലോക്ക് പഞ്ചായത്ത് തിരികെ വാങ്ങിയിട്ടില്ല.

3.**നിർവ്വഹണ ഉദ്യോഗസ്ഥൻ മാനവൽ രസീതി ഉപയോഗിച്ച് പിരിച്ചെടുത്ത പണം അതത് ദിവസമോ അല്ലെങ്കിൽ തൊട്ടടുത്ത ദിവസമോ ബ്ലോക്ക്പഞ്ചായത്ത് ഫണ്ടിൽ അടവാക്കുന്നില്ല-**

2011 കേരള പഞ്ചായത്തീരാജ് അകൗണ്ട്സ് ചട്ടങ്ങൾ അദ്ധ്യായം 3ചട്ടം 18(2) പ്രകാരം പഞ്ചായത്തിനുവേണ്ടി സ്വീകരിച്ച എല്ലാ പണവും അതേ ദിവസം തന്നെ ക്യാഷ് ബുക്കിൽ/ ബാങ്ക് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.

ചട്ടം 19(2) പ്രകാരം പിരിച്ച എല്ലാ തുകകളും നിലവിലുള്ള ചട്ടങ്ങളും സർക്കാർ ഉത്തരവുകളും അനുസരിച്ച് ട്രഷറി അകൗണ്ടിലോ ദേശസാൽകൃത ബാങ്ക് അകൗണ്ടിലോ സഹകരണ ബാങ്ക് അകൗണ്ടിലോ സർക്കാർ നിർദ്ദേശിക്കുന്ന മറ്റ് ബാങ്ക് അകൗണ്ടിലോ നിക്ഷേപിക്കേണ്ടതാണ്. എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥനായ സീനിയർ വെറ്റിനറി സർജ്ജൻ രസീതി ബുക്ക് ഉപയോഗിച്ച് പിരിച്ചെടുത്ത പണം അതത് ദിവസമോ അല്ലെങ്കിൽ തൊട്ടടുത്ത ദിവസമോ ബ്ലോക്ക്പഞ്ചായത്ത് ഫണ്ടിൽ അടവാക്കുന്നില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

രസീതി ബുക്ക് നം	രസീതി നം	പണം പിരിച്ചെടുത്ത തിയ്യതി	തുക	ഒടുക്കുവരുത്തിയ തിയ്യതി
2	2/35 മുതൽ 2/56 വരെ	24/03/21 മുതൽ 31/03/21 വരെ	2200/-	12/04/21
2 3	2/57 മുതൽ 2/100 വരെയും 3/1 മുതൽ 3/90 വരെയും	28/04/21 മുതൽ 11/05/21 വരെ	13,400/-	18/05/21
95	95/05 മുതൽ 95/47വരെ	20/09/21 മുതൽ 24/09/21 വരെ	4,300/-	28/09/21

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണെന്ന് കാണിച്ചു നൽകിയ ഓഡിറ്റ് എൻകുയറിയ്ക്കുള്ള മറുപടിയിൽ, നിലവിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വെറ്റിനറി പോളി ക്ലിനിക്ക് പദ്ധതിയ്ക്കായി വിവിധ പഞ്ചായത്തുകളിൽ പോകേണ്ടതിനാലും ഷെഡ്യൂൾ സമയം 10 മണി മുതൽ 6 മണി വരെ ആയതിനാലും ബ്ലോക്ക് പഞ്ചായത്തിൽ പ്രവർത്തി സമയത്ത് എത്തിപ്പെടാൻ സാധിക്കാത്തതുകൊണ്ടാണ് അതത് ദിവസം/ തൊട്ടടുത്ത ദിവസം പണം അടവാക്കാത്തതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചു. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-12 ക്ഷീരകർഷകർക്ക് ഇൻസെന്റീവ്(എസ് ടി)- പദ്ധതി നടത്തിപ്പിലെ അപാകതകൾ.

പനമരം ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന പ്രാഥമീക ക്ഷീര സഹകരണ സംഘങ്ങളിൽ പാലളക്കുന്ന ക്ഷീര കർഷകർക്ക് പാലളവിന് അനുസ്യതമായി ധനസഹായം അനുവദിക്കുന്നതിനും ബ്ലോക്ക് പഞ്ചായത്തിൽ പാലുത്പാദന വർദ്ധനവും, ക്ഷീരകർഷകരുടെ പാലുത്പാദക ചെലവ് കുറയ്ക്കലും ലക്ഷ്യം വച്ചുകൊണ്ടുള്ള പദ്ധതിയാണിത്. ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്ത്, ഡിപ്പാർട്ട്മെന്റ് വിഹിതം കൂടി ലഭ്യമാക്കി ക്ഷീരകർഷകർക്ക് പാലളവിന് അനുസരിച്ച് സബ്സിഡി അനുവദിച്ച് നൽകുന്നു. 2020 ഏപ്രിൽ മുതൽ പാൽ സൊസൈറ്റികളിൽ പാലളന്നവർക്ക് ലിറ്ററിന് നാലുരൂപയാണ് നൽകുന്നത്(ഗ്രാമ,ബ്ലോക്ക്,ജില്ലാ പഞ്ചായത്ത്, ഡിപ്പാർട്ട്മെന്റ് വിഹിതം ഓരോ രൂപ). പദ്ധതി വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

പദ്ധതിയുടെ പേര്-ക്ഷീരകർഷകർക്ക് ഇൻസെന്റീവ്(എസ് ടി)

പദ്ധതി നം.-68/20-21	ബ്ലോക്ക് വിഹിതം ടി.എസ്.പി	മറ്റ് ഗ്രാമ പഞ്ചായത്ത്	ജില്ലാ പഞ്ചായത്ത്	ആകെ
പദ്ധതി അടങ്കൽ	9,68,000	14,00,000	14,00,000	37,68,000
ചെലവ്	9,67,271	0	0	9,67,271
ട്രഷറി ബിൽ നം.	16/20-21/15,482 / Dtd.22.03.2021 17/20-21/20,924 / Dtd.22.03.2021 18/20-21/37,721 / Dtd.22.03.2021 19/20-21/8472 / Dtd.22.03.2021 20/20-21/9032/ Dtd.22.03.2021 21/20-21/17,897/ Dtd.22.03.2021 22/20-21/92,186/ Dtd.22.03.2021 23/20-21/11,800 / Dtd.22.03.2021 25/20-21/60,001/ Dtd.22.03.2021 26/20-21/7,998/ Dtd.22.03.2021 27/20-21/77,871/ Dtd.22.03.2021 28/20-21/1,36,896/ Dtd.22.03.2021 29/20-21/67,853 / Dtd.29.03.2021			

	30/20-21/1,16,518/Dtd.29.03.2021 31/20-21/42,529 / Dtd.29.03.2021 32/20-21/89,108/Dtd.29.03.2021 33/20-21/68,430 /Dtd.29.03.2021 34/20-21/75,966/Dtd.29.03.2021 35/20-21/10,587 /Dtd.29.03.2021	

പദ്ധതി പ്രകാരം 9,67,271 രൂപ ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി പനമരം ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള എസ് ടി ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്. പദ്ധതി ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

1. ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ 5 ഗ്രാമ പഞ്ചായത്തുകൾ ഉണ്ടെന്നിരിക്കേ പനമരം ഗ്രാമ പഞ്ചായത്തിലുള്ള എസ് ടി ഗുണഭോക്താക്കൾക്ക് മാത്രമേ ധനസഹായം നൽകിയിട്ടുള്ളൂ.

2. പനമരം ഗ്രാമ പഞ്ചായത്തിലുള്ള പനമരം പാലുത്പാദക സഹകരണ സംഘത്തിലെ 121 ഗുണഭോക്താക്കളെ മാത്രമേ ധനസഹായത്തിനായി പരിഗണിച്ചിട്ടുള്ളൂ. ഗ്രാമ പഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പനമരം പാലുത്പാദക സഹകരണ സംഘത്തിൽ നിന്നുള്ള കർഷകരുടെ ലിസ്റ്റ് ആണ് പരിശോധനയ്ക്ക് ഹാജരാക്കിയത്.

3.ചില കർഷകരുടെ അക്കൗണ്ടിലേക്ക് ധനസഹായം എത്തിയിട്ടില്ല-

ധനസഹായ വിതരണം കഴിഞ്ഞ് ഒരു വർഷം കഴിഞ്ഞിട്ടും ചില കർഷകരുടെ അക്കൗണ്ടിലേക്ക് ധനസഹായം എത്തിയിട്ടില്ല. ബന്ധപ്പെട്ട നിർവ്വഹണ ഉദ്യാഗസ്ഥൻ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

4.പദ്ധതി പ്രകാരം പാൽ അളന്ന ഗുണഭോക്താവിന് ലിറ്ററിന് ഒരു രൂപ നിരക്കിലാണ് നൽകേണ്ടത്. എന്നാൽ ചില ഗുണഭോക്താക്കൾക്ക് തുക അധികം നൽകി.

വിശദ വിവരം ഖണ്ഡിക 3-1ൽ കൊടുക്കുന്നു.

1-13 ക്ഷീരകർഷകർക്ക് ഇൻസെന്റീവ്(ജനറൽ)-പദ്ധതി നടത്തിപ്പിലെ അപാകതകൾ.

പനമരം ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന പ്രാഥമീക ക്ഷീര സഹകരണ സംഘങ്ങളിൽ പാലളക്കുന്ന ക്ഷീര കർഷകർക്ക് പാലളവിന് അനുസ്യതമായി ധനസഹായം അനുവദിക്കുന്നതിനും ബ്ലോക്ക് പഞ്ചായത്തിൽ പാലുത്പാദന വർദ്ധനവും,ക്ഷീരകർഷകരുടെ പാലുത്പാദക ചെലവ് കുറയ്ക്കലും ലക്ഷ്യം വച്ചുകൊണ്ടുള്ള പദ്ധതിയാണിത്.ഗ്രാമ,ബ്ലോക്ക്,ജില്ലാ പഞ്ചായത്ത്, ഡിപ്പാർട്ട്മെന്റ് വിഹിതം കൂടി ലഭ്യമാക്കി ക്ഷീരകർഷകർക്ക് പാലളവിന് അനുസരിച്ച് സബ്സിഡി അനുവദിച്ച് നൽകുന്നു. 2020 ഏപ്രിൽ മുതൽ പാൽ സൊസൈറ്റികളിൽ പാലളന്നവർക്ക് ലിറ്ററിന് നാലുരൂപയാണ് നൽകുന്നുത്(ഗ്രാമ,ബ്ലോക്ക്,ജില്ലാ പഞ്ചായത്ത്, ഡിപ്പാർട്ട്മെന്റ് വിഹിതം ഓരോ രൂപ).പദ്ധതി വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

പദ്ധതിയുടെ പേര്-ക്ഷീരകർഷകർക്ക് ഇൻസെന്റീവ്.

പദ്ധതി നം.-67/20-21	ഫണ്ടിനം- പ്ലാൻ ഫണ്ട്	മറ്റ് ഗ്രാമ പഞ്ചായത്ത്	ജില്ലാ പഞ്ചായത്ത്	ആകെ
പദ്ധതി അടങ്കൽ	60,05,273	1,00,00,000	1,00,00,000	2,60,05,273
ചെലവ്	54,35,821	19,66,929	18,92,047	92,94,797
ബിൽ നം.	1/20-21/25,185 / Dtd.30.10.20 2/20-21/69,861 /Dtd.30.10.20 3/20-21/1,67,343/ Dtd.30.10.20 4/20-21/53,456/Dtd.30.10.20 5/20-21/64,133/Dtd.30.10.20 6/20-21/2,15,877/Dtd.30.10.20 7/20-21/1,43,858/Dtd.30.10.20 8/20-21/3,54,313/Dtd.30.10.20 9/20-21/1,49,793/Dtd.30.10.20 10/20-21/6,64,208/Dtd.30.10.20 11/20-21/6,13,072/ Dtd.30.10.20 12/20-21/1,11,924/ Dtd.30.10.20 13/20-21/5,92,602 / Dtd.30.10.20 14/20-21/2,18,004/Dtd.30.10.20 15/20-21/4,48,213/ Dtd.12.11.20 24/20-21/5,09,758/Dtd.22.03.21 36/20-21/3,39,345/Dtd.29.03.2021 37/20-21/3,06,543/Dtd.29.03.2021			

	38/20-21/3,47,743/Dtd.29.03.2021 39/20-21/4,75,804/Dtd.29.03.2021 40/20-21/4,97,494/Dtd.29.03.2021 44/20-21/1,72,498/Dtd.29.03.2021 45/20-21/2,60,096/Dtd.29.03.2021 46/20-21/2,20,248/Dtd.29.03.2021 47/20-21/1,58,876/Dtd.29.03.2021 48/20-21/1,72,376/Dtd.29.03.2021 49/20-21/1,64,326/Dtd.29.03.2021 50/20-21/3,89,551/Dtd.31.03.2021 52/20-21/1,39,820/Dtd.31.03.2021 54/20-21/4,94,024/Dtd.31.03.2021 55/20-21/3,14,425/Dtd.31.03.2021 56/20-21/2,74,268/Dtd.31.03.2021 57/20-21/1,65,760/Dtd.31.03.2021	

പദ്ധതി പ്രകാരം 92,94,797/-രൂപ ഗ്രാമ,ബ്ലോക്ക്,ജില്ലാ പഞ്ചായത്ത് വിഹിതമായി പനമരം ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്.ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള 5 ഗ്രാമ പഞ്ചായത്തുകളിലെ വിവിധ പാൽ സൊസൈറ്റികളിൽ പാലളന്ന ക്ഷീരകർഷകർക്കാണ് ധനസഹായം നൽകിയിട്ടുള്ളത്. പദ്ധതി ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

1.അതത് ഗ്രാമപഞ്ചായത്തുകൾ അംഗീകരിച്ച് നൽകിയ ഗുണഭോക്തൃ ലിസ്റ്റ് ഹാജരാക്കിയിട്ടില്ല.

2.വിവിധ ബില്ലുകളിലായിട്ടാണ് കർഷകർക്ക് ധനസഹായം നൽകിയത്. പഞ്ചായത്തു തിരിച്ചുള്ള / പാൽ സൊസൈറ്റി തിരിച്ചുള്ള ബിൽ വിവരങ്ങൾ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ധന സഹായ വിതരണത്തിൽ ഇരട്ടിപ്പ് വന്നിട്ടുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.ക്ഷീക കർഷകന് നൽകിയ തുകയുടെ വിവരങ്ങൾപഞ്ചായത്തു തിരിച്ച് ഗുണഭോക്താവിന്റെ പേര്, ആധാർ നം, അക്കൗണ്ട് നം, പാലളവ്, കൊടുത്ത തുക, കൊടുക്കേണ്ട തുക എന്ന ക്രമത്തിൽ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

3.ചില കർഷകരുടെ അകൗണ്ടിലേക്ക് ധനസഹായം എത്തിയിട്ടില്ല-

ധനസഹായ വിതരണം കഴിഞ്ഞ് ഒരു വർഷം കഴിഞ്ഞിട്ടും ചില കർഷകരുടെ അക്കൗണ്ടിലേക്ക് ധനസഹായം എത്തിയിട്ടില്ല. വിശദ വിവരം ഖണ്ഡിക 3-2 ൽ കൊടുക്കുന്നു.

1-14 ഭിന്നശേഷിക്കാർക്ക് സൈഡ് വീലോടു കൂടിയ സ്ക്കൂട്ടർ വിതരണം - വാഹനം രജിസ്റ്റർ ചെയ്തില്ല

ചൈൽഡ് ഡവലപ്മെന്റ് പ്രോജക്ട് ഓഫീസർ 2020-21 ൽ ബ്ലോക്ക് പരിധിയിലെ ഭിന്നശേഷിക്കാർക്ക് സൈഡ് വീലോടു കൂടിയ സ്ക്കൂട്ടർ വിതരണം ചെയ്യുന്നതിന് താഴെ പറയുന്ന പദ്ധതികൾ നടപ്പാക്കുകയും കെൽട്രോണിൽ നിന്നും ഒരു സ്കൂട്ടറിന് 56085/-രൂപയും അനുബന്ധ ഉപകരണങ്ങൾക്ക് 22850 രൂപയും കൂടി ആകെ 78935/- തോതിൽ സ്കൂട്ടർ വിത്ത് സൈഡ് വീൽസ് വാങ്ങി ഗുണഭോക്താക്കൾക്ക് താഴെ പറയുന്ന തരത്തിൽ വിതരണം നടത്തി ഗുണഭോക്താക്കളുടെ പേരിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഗുണഭോക്താക്കൾക്ക് ലൈസൻസ് ലഭിച്ചതിന്റെ വിശദാംശങ്ങൾ ഫയലിൽ ലഭ്യമല്ല.

ക്രമ നമ്പർ	പ്രോജക്ട് നമ്പർ, പദ്ധതിയുടെ പേര്	അടങ്കൽ / ചെലവ്
1	ഭിന്നശേഷിയുള്ളവർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്ക്കൂട്ടർ- ജനറൽ (19/21) ,	₹947218 ₹4,48,678- ബിൽ നമ്പർ 1/20-21 ₹498540- ബിൽ നമ്പർ 2/20-21 (12 ഗുണഭോക്താക്കൾ)
2	ഭിന്നശേഷിയുള്ളവർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്ക്കൂട്ടർ- വനിത (87/21) ,	₹157870 ₹157870-ബിൽ നമ്പർ 3/20-21 (2 ഗുണഭോക്താക്കൾ)

ഗുണഭോക്താക്കൾ വാഹനം രജിസ്റ്റർ ചെയ്തതിന്റെയും ലൈസൻസ് ലഭിച്ചതിന്റെയും വിശദാംശങ്ങൾ ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (10/2019 –20/21.03.2022) ലഭ്യമാക്കിയ മറുപടിയിൽ പുൽപ്പള്ളി പഞ്ചായത്തിലെ മനോജ് കുമാർ , ഗൃഹന്നൂർ, കബനിഗിരി എന്ന ഗുണഭോക്താവൊഴികെ എല്ലാവരും വാഹനം രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും ലൈസൻസ് ലഭ്യമായതിന്റെ വിശദാംശങ്ങൾ ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.ഖണ്ഡികയിൽ സൂചിപ്പിച്ച ഗുണഭോക്താവ് വാഹനം രജിസ്റ്റർ ചെയ്തതിന്റെ വിശദാംശങ്ങളും പദ്ധതി വിഭാവനം ചെയ്ത ലക്ഷ്യം കൈവരിക്കുന്നതിന് ലൈസൻസ് ലഭ്യമായിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയുള്ള മോണിറ്ററിംഗ് റിപ്പോർട്ടും ഹാജരാക്കേണ്ടതാണ് . രേഖകൾ ഹാജരാക്കുന്നതുവരെ രജിസ്റ്റർ ചെയ്യാത്ത ഒരു മുച്ചക്ര വാഹനത്തിന് ചെലവഴിച്ച ₹78,500/- തടസ്സത്തിൽ വെക്കുന്നു.

1-15 അഗ്രോസർവീസ് സെന്ററുകൾക്കും പാടശേഖര സമിതികൾക്കും കാർഷിക ഉപകരണങ്ങൾ - തുക അധികം നൽകി

സബ്സിഡി മാർഗ്ഗരേഖ (സ.ഉ(കൈ) നം. 22/2018/തസ്വഭവ തീ: 14.02.2018)ഖണ്ഡിക 6.1.8 പ്രകാരം രജിസ്റ്റർ ചെയ്ത പാടശേഖര സമിതികൾ , കൃഷിഭവന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന രജിസ്റ്റർ ചെയ്ത കാർഷിക കർമസേനകൾ ,രജിസ്റ്റർ ചെയ്ത ഗ്രൂപ്പുകൾ , വനിതാ - പുരുഷ സംഘങ്ങൾ എന്നിവയ്ക്ക് കാർഷിക ഉപകരണങ്ങൾ 90% സബ്സിഡി നിരക്കിൽ നൽകാവുന്നതാണ്.

കൃഷി അസിസ്റ്റന്റ് ഡയറക്ടർ നിർവഹണ ഉദ്യോഗസ്ഥനായി ബ്ലോക്ക് പഞ്ചായത്തിൽ നടപ്പാക്കിയ അഗ്രോസർവീസ് സെന്ററുകൾക്കും പാടശേഖര സമിതികൾക്കും കാർഷിക ഉപകരണങ്ങൾ (പ്രോ. നം - 149/ 21) എന്ന പദ്ധതിയിലുൾപ്പെടുത്തി റെയ്ഡ്കോയിൽ നിന്നും ചുവടെ കൊടുക്കുന്ന ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്.

ക്രമ നമ്പർ	ഇൻവോയ്സ് നമ്പർ	ഉപകരണങ്ങൾ
1	KLP/ 805/ 2020-2021 / 27.03.2021 - ₹4,00,000/-	1. കൊയ്ത്ത് യന്ത്രം- 120H – 1 എണ്ണം - ₹124999.47 2. മെതിയന്ത്രം - 1 എണ്ണം -₹250000 3. കാട് വെട്ട് യന്ത്രം - 2 എണ്ണം-₹25249.42 (₹400000 ലിമിറ്റ് ചെയ്തു)
2	KLP/ 805/ 2020-2021 / 27.03.2021 - ₹2,00,000/-	1. റീപ്പർ - 120H – 1 എണ്ണം - ₹124999.47 2. മരം വെട്ട് യന്ത്രം - 1 - ₹24499.99 3. കാട് വെട്ട് യന്ത്രം - 2എണ്ണം₹50498.84 (₹200000 ലിമിറ്റ് ചെയ്തു)

ഉപകരണങ്ങൾ വാങ്ങിയതിന് റെയ്ഡ്കോയ്ക്ക് 6 ലക്ഷം രൂപ നൽകിയിട്ടുണ്ട് (ബിൽ നമ്പർ - 03/ 20-21 / 29.03.2021 , ബിൽ നമ്പർ - 04/ 20- 21 / 31.03.2021) . കണിയാമ്പറ്റ പഞ്ചായത്തിലെ കാർഷിക കർമസേനയ്ക്കാണ് 100% സബ്സിഡി നിരക്കിൽ ഉപകരണങ്ങൾ നൽകിയത്.മാർഗ്ഗരേഖ പ്രകാരം യന്ത്രങ്ങളുടെ ഉടമസ്ഥത കൃഷി ഓഫീസർക്കും, കൈവശാധികാരം സമിതി/ സ്ഥാപനത്തിനുമായിരിക്കും. എന്നാൽ വാങ്ങിയ ഉപകരണങ്ങൾ സ്റ്റോക്കിലെടുക്കുകയോ ,വിതരണം നടത്തിയതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കുകയോ ചെയ്തിട്ടില്ല. സമിതിയുമായി കരാറിലേർപ്പെട്ടിട്ടില്ല. ക്രമ നമ്പർ 2 ലെ ഇൻവോയ്സ് പ്രകാരം മരം വെട്ട് യന്ത്രം വാങ്ങി നൽകിയിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 6.2.8 അനുസരിച്ച് മരം വെട്ട് യന്ത്രം വാങ്ങി നൽകുന്നതിന് അനുമതിയില്ല.

ഗുണഭോക്തൃവിഹിതം വാങ്ങാതെയും, വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുക്കാതെയും ഉപകരണങ്ങൾ നൽകിയതിനും , മാർഗ്ഗരേഖയിൽ പരാമർശിക്കാത്ത ഉപകരണമായ മരം വെട്ട് യന്ത്രം വാങ്ങി നൽകിയതിനും വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (11/20 -21 /22.03.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാകുന്നത് വരെ ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു.

1-16 കില വനിതാ ഹോസ്റ്റൽ വിഹിതം നൽകൽ- വിനിയോഗ സാക്ഷ്യപത്രവും ഭൗതിക നേട്ട റിപ്പോർട്ടും ഹാജരാക്കിയിട്ടില്ല.

നിർവ്വഹണം - ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി
പ്രോജക്ട് വിവരം ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം	തുക കൈപ്പറ്റിയ സ്ഥാപനം	ചെലവ് തുക(₹)
121/2020-21	കില	3,00,000 Bill No 29/20-21 Dtd 19.8.20

വിനിയോഗ സാക്ഷ്യപത്രവും ഭൗതിക നേട്ട റിപ്പോർട്ടും ഹാജരാക്കുന്നത് വരെ 3,00,000 രൂപ ചെലവഴിച്ചത് തടസ്സത്തിൽ വെക്കുന്നു.

1-17 തൊഴിലുറപ്പ് പദ്ധതി വിഭാഗം ജീവനക്കാരുടെ ഭരണ ചെലവുകൾ-ജനറൽ

പർപസ് ഫണ്ടിൽ നിന്നും ചെലവഴിച്ചത് തിരികെ അടക്കാൻ ബാക്കി നിൽക്കുന്നു.

2020-21 സാമ്പത്തിക വർഷത്തിൽ തൊഴിലുറപ്പ് പദ്ധതി വിഭാഗം ജീവനക്കാരുടെ ഭരണ ചെലവുകൾക്കായി ജനറൽ പർപസ് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതി ഫണ്ട് ലഭ്യമാകാത്തതിനാലാണ് ജനറൽ പർപസ് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചത്. സർക്കാർ ഉത്തരവ് 2941/2017/ LSGD Dtd 26.8.2017 പ്രകാരം തൊഴിലുറപ്പ് പദ്ധതി ഫണ്ട് ലഭിക്കുമ്പോൾ ജനറൽ പർപസ് ഫണ്ടിൽ നിന്നും ചെലവഴിച്ച തുക തിരികെ ജനറൽ പർപസ് ഫണ്ടിലേക്ക് തിരികെ അടവാക്കേണ്ടതാണ്.തൊഴിലുറപ്പ് പദ്ധതി ഫണ്ട് മുഴുവൻ ലഭിക്കാത്തതിനാൽ തുക തിരികെ ജനറൽ പർപസ് ഫണ്ടിലേക്ക് അടക്കാൻ ബാക്കി നിൽക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു

2020-21 ൽ ലഭിക്കാനുള്ള മുൻബാക്കി	187872
2020-21 ചെലവ്	
ശമ്പളം	1421254
സ്റ്റേഷനറി	37010
പ്രിന്റർ	9300
ട്രെയിനിംഗ്	2620
ടെലഫോൺ	20940
ടി എ	1000
ടെണ്ടർ	5998
വാഹന വാടക	12516
2020-21 ആകെ ചെലവ്	15,10,638
2020-21 ൽ ജനറൽ പർപസ് ഫണ്ടിലേക്ക് തിരികെ അടവാക്കിയത്	923723
31.3.21ന് ജനറൽ പർപസ് ഫണ്ടിലേക്ക് അടക്കാൻ ബാക്കി നിൽക്കുന്ന തുക	774787

തൊഴിലുറപ്പ് പദ്ധതി ഫണ്ട് ലഭിക്കുമ്പോൾ ജനറൽ പർപസ് ഫണ്ടിൽ നിന്നും ചെലവഴിച്ച തുക തിരികെ ജനറൽ പർപസ് ഫണ്ടിലേക്ക് തിരികെ അടച്ച് ക്രമീകരിക്കേണ്ടതാണ്.

1-18 സാമൂഹ്യ സുരക്ഷ മിഷൻ വിഹിതം- വിനിയോഗ സാക്ഷ്യപത്രവും ഭൗതിക നേട്ട റിപ്പോർട്ടും ഹാജരാക്കിയിട്ടില്ല.

നിർവ്വഹണം - ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി.പ്രോജക്ട് വിവരം ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം	തുക കൈപ്പറ്റിയ സ്ഥാപനം	ചെലവ് തുക(₹)
പ്രോജക്ട് നം 4/2020-21 സാമൂഹ്യ സുരക്ഷ മിഷൻ	കേരള സാമൂഹ്യ സുരക്ഷ മിഷൻ	5,00,000 Bill No 23/20-21 Dtd 7.7.20

വിനിയോഗ സാക്ഷ്യപത്രവും ഭൗതിക നേട്ട റിപ്പോർട്ടും ഹാജരാക്കുന്നത് വരെ 5,00,000 രൂപ ചെലവഴിച്ചത് തടസ്സത്തിൽ വെക്കുന്നു.

1-19 അംഗനവാടി പൂരക പോഷകാഹാരം-ഗ്രാമപഞ്ചായത്തുകൾക്ക് തുക നൽകൽ-രേഖകൾ ഹാജരാക്കിയില്ല.

നിർവ്വഹണം - ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി , പ്രോജക്ട് വിവരം ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം,അടങ്കൽ	തുക കൈപ്പറ്റിയ സ്ഥാപനം, ചെലവ്
പ്രോജക്ട് നം 14/21 50,50,000(TSP)	ചെലവ് 26,99,984 ഏതൊക്കെ ബില്ലുകളിലായാണ് തുക മാറിയതെന്നും ഏതൊക്കെ ഗ്രാമ പഞ്ചായത്തുകൾക്കാണ് തുക നൽകിയത് എന്ന വിവരം ഹാജരാക്കിയിട്ടില്ല

മേൽ രേഖകൾ ആവശ്യപ്പെട്ട് 3/21.03.2022 പ്രകാരം ഓഡിറ്റ് എൻകയറി നൽകിയിരുന്നു. എന്നാൽ രേഖകൾ ഹാജരാക്കാത്തതിനാൽ 26,99,984രൂപ ചെലവഴിച്ചത് തടസ്സത്തിൽ വെയ്ക്കുന്നു.

1-20 സമ്പൂർണ്ണ ആദിവാസി സാക്ഷരത- രേഖകൾ ഹാജരാക്കിയില്ല.

നിർവ്വഹണം - ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി

ഇനം	തുക കൈപ്പറ്റിയ സ്ഥാപനം	ചെലവ് തുക(₹)
പ്രോജക്ട് നം 16/2020-21 സമ്പൂർണ്ണ ആദിവാസി സാക്ഷരത (TSP)	ബിൽ, ആർക്കാണ് തുക നൽകിയത് എന്ന വിവരം ഹാജരാക്കിയിട്ടില്ല	198720

അടങ്കൽ-23,00,000		

മേൽ രേഖകൾ ആവശ്യപ്പെട്ട് 3/21.03.2022 പ്രകാരം ഓഡിറ്റ് എൻകൗയറി നൽകിയിരുന്നു. എന്നാൽ രേഖകൾ ഹാജരാക്കാത്തതിനാൽ 1,98,720രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-21 പടുതാ മൽസ്യ കൃഷി-ഗ്രാമപഞ്ചായത്തുകൾക്ക് തുക നൽകൽ - രേഖകൾ ഹാജരാക്കിയില്ല

നിർവ്വഹണം - ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി

ഗ്രാമ പഞ്ചാത്തുകളുമായി ചേർന്ന് തയ്യാറാക്കിയ സംയുക്ത പ്രോജക്ട് ആണിത്.

ഇനം	തുക കൈപ്പറ്റിയ സ്ഥാപനം, ചെലവ്
പ്രോജക്ട് നം 113/21 പടുതാ മൽസ്യ കൃഷി ഗ്രാമപഞ്ചായത്തുകൾക്ക് തുക നൽകൽ അടങ്കൽ 4,00,000(ജനറൽ)	ചെലവ് 4,00,000 ഏതൊക്കെ ബില്ലുകളിലായാണ് തുക മാറിയതെന്നും ഏതൊക്കെ ഗ്രാമ പഞ്ചായത്തുകൾക്കാണ് തുക നൽകിയത് എന്ന വിവരം ഹാജരാക്കിയിട്ടില്ല

മേൽ രേഖകൾ ആവശ്യപ്പെട്ട് 3/21.03.2022 പ്രകാരം ഓഡിറ്റ് എൻകൗയറി നൽകിയിരുന്നു. എന്നാൽ രേഖകൾ ഹാജരാക്കാത്തതിനാൽ 4,00,000രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-22 ഭിന്നശേഷി കുട്ടികൾക്ക് സ്കോളർഷിപ്പ് ഗ്രാമപഞ്ചായത്തുകൾക്ക് തുക നൽകൽ.രേഖകൾ ഹാജരാക്കിയില്ല.

നിർവ്വഹണം - ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി

ഇനം	തുക കൈപ്പറ്റിയ സ്ഥാപനം, ചെലവ്
പ്രോജക്ട് നം 8/20-21 ഭിന്നശേഷി കുട്ടികൾക്ക് സ്കോളർഷിപ്പ് ഗ്രാമപഞ്ചായത്തുകൾക്ക് തുക നൽകൽ അടങ്കൽ 25,50,000(ജനറൽ)	ചെലവ് 25,49,900 ഏതൊക്കെ ബില്ലുകളിലായാണ് തുക മാറിയതെന്നും ഏതൊക്കെ ഗ്രാമ പഞ്ചായത്തുകൾക്കാണ് തുക നൽകിയത് എന്ന വിവരം ഹാജരാക്കിയിട്ടില്ല

മേൽ രേഖകൾ ആവശ്യപ്പെട്ട് 3/21.03.2022 പ്രകാരം ഓഡിറ്റ് എൻകൗയറി നൽകിയെങ്കിലും രേഖകൾ ഹാജരാക്കത്തതിനാൽ 25,49,900 രൂപ ചെലവഴിച്ചത് തടസ്സത്തിൽ വെയ്ക്കുന്നു.

1-23 മരാമത്ത് പ്രവൃത്തി -ഗ്രാമ പഞ്ചായത്ത് വിഹിതം നൽകൽ രേഖകൾ ഹാജരാക്കിയില്ല.

നിർവ്വഹണം - ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി

ഇനം	തുക കൈപ്പറ്റിയ സ്ഥാപനം	ചെലവ് തുക(₹)
പ്രോജക്ട് നം 7/2020-21 ഉള്ളാടൻ വയൽ റോഡ് പുനരുദ്ധാരണം വിഹിതം	കണിയാമ്പറ്റ ഗ്രാമ പഞ്ചായത്ത്	5,00,000
പ്രോജക്ട് നം 141/2020-21 ഒഴക്കൊല്ലി കോളോം കടവ് റോഡ്	പനമരം ഗ്രാമ പഞ്ചായത്ത്	33814

മേൽ രേഖകൾ ആവശ്യപ്പെട്ട് 3/21.03.2022 പ്രകാരം ഓഡിറ്റ് എൻകൗയറി നൽകിയെങ്കിലും രേഖകൾ ഹാജരാക്കത്തതിനാൽ 5,33,814 രൂപ ചെലവഴിച്ചത് തടസ്സത്തിൽ വെയ്ക്കുന്നു.

1-24 ലൈഫ് ഭവന പദ്ധതി (ജനറൽ , ടി എസ് പി, എസ് സി പി)ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ- രേഖകൾ ഹാജരാക്കിയിട്ടില്ല

മുള്ളൻകൊല്ലി,പൂതാടി,പനമരം,പുൽപ്പള്ളി,കണിയാമ്പറ്റ ഗ്രാമ പഞ്ചാത്തുകളുമായി ചേർന്ന് തയ്യാറാക്കിയ സംയുക്തപ്രോജക്ട് ആണിത്.

നിർവ്വഹണം - ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി

പ്രോജക്ട് നം 19/20-21 ലൈഫ് മിഷൻ ഭവന നിർമ്മാണം(ജനറൽ) ഗ്രാമപഞ്ചായത്തുകൾക്ക് തുക നൽകൽ അടങ്കൽ- 72,49,200	ചെലവ് 72,04,400 ഏതൊക്കെ ബില്ലുകളിലായാണ് തുക മാറിയതെന്നും ഏതൊക്കെ ഗ്രാമ പഞ്ചായത്തുകൾക്കാണ് തുക നൽകിയത് എന്ന വിവരം ഹാജരാക്കിയിട്ടില്ല

പ്രോജക്ട് നം 20/20-21 ലൈഫ് മിഷൻ ഭവന നിർമ്മാണം(SCP) ഗ്രാമപഞ്ചായത്തുകൾക്ക് തുക നൽകൽ അടങ്കൽ-12,00,000	ചെലവ് 6,00,000 ഏതൊക്കെ ബില്ലുകളിലായാണ് തുക മാറിയതെന്നും ഏതൊക്കെ ഗ്രാമ പഞ്ചായത്തുകൾക്കാണ് തുക നൽകിയത് എന്ന വിവരം ഹാജരാക്കിയിട്ടില്ല
പ്രോജക്ട് നം 21/20-21 ലൈഫ് മിഷൻ ഭവന നിർമ്മാണം(TSP) ഗ്രാമപഞ്ചായത്തുകൾക്ക് തുക നൽകൽ അടങ്കൽ-71,20,000	ചെലവ് 67,90,000 ഏതൊക്കെ ബില്ലുകളിലായാണ് തുക മാറിയതെന്നും ഏതൊക്കെ ഗ്രാമ പഞ്ചായത്തുകൾക്കാണ് തുക നൽകിയത് എന്ന വിവരം ഹാജരാക്കിയിട്ടില്ല

മേൽ രേഖകൾ ആവശ്യപ്പെട്ട് 3/21.03.2022 പ്രകാരം ഓഡിറ്റ് എൻകയറി നൽകിയെങ്കിലും രേഖകൾ ഹാജരാക്കത്തതിനാൽ 1,45,94,400 രൂപ ചെലവഴിച്ചത് തടസ്സത്തിൽ വെയ്ക്കുന്നു.

1-25 പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം-പിഴ ഈടാക്കിയില്ല

1-2-2012 ലെ ജി.ഒ.(പി) 13/2012/PWD പ്രകാരമുള്ള പുതുക്കിയ കേരളപൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥ 2112,2112-1 എന്നിവ പ്രകാരം മരാമത്ത് പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കേണ്ടത് കരാറുകാരുടെ ഉത്തരവാദിത്വമാണ്. പ്രവൃത്തി പൂർത്തീകരണത്തിന് സമയം ദീർഘിപ്പിച്ചുനൽകിയാൽ പിഴയീടാക്കാനും അതിന്റെ നിരക്കുകളും മാന്വലിൽ വ്യക്തമാക്കിയിട്ടുണ്ട്. . കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ 2112 വകുപ്പ് പ്രകാരം പൂർത്തികരണകാലാവധി ദീർഘീകരണത്തിന് കാലാവധി തീരുന്നതിന് മുമ്പ് കരാറുകാരൻ അസി. എഞ്ചിനീയർ മുഖേനെ അപേക്ഷിക്കേണ്ടതാണ്. ദീർഘിപ്പിക്കുന്ന കാലയളവ് ഒറ്റതവണ, പൂർത്തീകരണത്തിന് അനുവദിച്ച കാലാവധിയുടെ 25% ത്തിൽ അധികരിക്കാൻ പാടില്ല. പരമാവധി ദീർഘീകരണം പൂർത്തികരണത്തിന് അനുവദിച്ച കാലാവധിയുടെ 50% - ത്തിൽ അധികരിക്കാൻ പാടില്ലാത്തതുമാണ്. 2112.1 വകുപ്പ് അനുസരിച്ച് പൂർത്തികരണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലം ദീർഘിപ്പിക്കേണ്ടിവരുന്ന ഘട്ടത്തിൽ പിഴ ഈടാക്കേണ്ടതാണ്. കൂടാതെ, ദീർഘീകരണ അനുമതി ലഭിക്കാതെ പൂർത്തികരണകാലാവധിക്ക് ശേഷം നിർവ്വഹിച്ച പ്രവർത്തികൾ അനധികൃതമാണ്. അതിന് തുക നൽകാവുന്നതുമല്ല. പൊതുമരാമത്ത് മാന്വൽ പ്രകാരം പിഴയോടുകൂടിയല്ലാതെ കാലാവധി ദീർഘീകരണം അനുവദിക്കാവുന്നതല്ല. ആദ്യ ദീർഘീകരണം കരാർ തുകയുടെ 1% -വും പിന്നീടുള്ള ദീർഘീകരണം കരാർ തുകയുടെ 2%-വും പിഴയായി ചുമത്തികൊണ്ടാണ് നടത്തേണ്ടത്. പൊതുമരാമത്ത് വകുപ്പ് മാന്വലിലെ 2116.1 വകുപ്പനുസരിച്ച് കരാറുടമ്പടിയിലെ വ്യവസ്ഥകൾ ലംഘിക്കപ്പെട്ടാൽ കരാർ റദ്ദ് ചെയ്ത് പ്രവൃത്തി മറ്റ് വിധത്തിൽ പൂർത്തിയാക്കാവുന്നതാണ്. കരാറുകാരൻ പ്രവൃത്തിയിൽ നിർദ്ദിഷ്ട പുരോഗതി കൈവരിക്കാത്തതിനോ, നിശ്ചിത സമയപരിധിക്കകം പൂർത്തികരിച്ച് സ്ഥലം കൈമാറ്റം ചെയ്യാത്തതിനോ കരാർ തുകയുടെ 0.1% ഒരോ ആഴ്ചക്കും ലിക്വിഡേറ്റഡ് ഡാമേജായി ഈടാക്കേണ്ടതാണ്. 2116.2 വകുപ്പ് അനുസരിച്ച് അവശേഷിക്കുന്ന പ്രവൃത്തിയുടെ 30% തുക കരാറുടമ്പടി ലംഘിച്ച കരാറുകാരനിൽ നിന്നും ഈടാക്കി പ്രവൃത്തി മറ്റൊരാളെ ഏൽപ്പിക്കാവുന്നതുമാണ്.

പഞ്ചായത്ത് നടപ്പിലാക്കിയ പല മരാമത്ത് പ്രവൃത്തികളും യഥാസമയം പൂർത്തിയാക്കിയിട്ടില്ല. പ്രസ്തുത പ്രവൃത്തികളുടെ കരാറുകാർ പൂർത്തികരണത്തിന് അധിക സമയം ആവശ്യപ്പെട്ടു കൊണ്ട് അപേക്ഷ സമർപ്പിച്ചിട്ടില്ല. ഭരണസമിതി സമയം ദീർഘിപ്പിച്ചു നൽകിയതിന്റെ രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. നിയമ പ്രകാരം പൂർത്തികരണകാലാവധിക്ക് ശേഷം നിർവ്വഹിച്ച പ്രവർത്തികൾ അനധികൃതമാണ് ആയതിന് തുക അനുവദിക്കാവുന്നതല്ല. എന്നാൽ യഥാസമയം പ്രവൃത്തി പൂർത്തിയാക്കാത്ത കരാറുകാർക്കെതിരെ യാതൊരു നിയമ നടപടികളും കൈകൊണ്ടിട്ടില്ല എന്നു മാത്രമല്ല നിശ്ചിത സമയപരിധിക്കകം പൂർത്തികരിക്കാത്ത കരാറുകാരിൽ നിന്നും ഉഭയകക്ഷി കരാർ പ്രകാരം ഈടാക്കേണ്ടിയിരുന്ന പിഴ തുക പോലും ഈടാക്കാതെ മുഴുവൻ തുകയും അനുവദിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18-8-2018 ലെ എ സി 2/223/15ത സ്വ ഭ നമ്പർ സർക്കുലർ പ്രകാരം കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നാലുള്ള പിഴ ആദ്യത്തെ 3 മാസക്കാലയളവിന് ഒരു ശതമാനം നിരക്കിലും തുടർന്നുള്ള ഓരോ 3 മാസക്കാലയളവിന് 2 ശതമാനം നിരക്കിലും പിഴയീടാക്കണമെന്നുമാണ്.ഈ വ്യവസ്ഥകൾകരാറുകാരുമായി ഉണ്ടാക്കുന്ന ഉടമ്പടികളിൽ ഏഴാമത്തെ വ്യവസ്ഥയായി ഉൾക്കൊള്ളിക്കാറുണ്ടെങ്കിലും. താഴെ ചേർക്കുന്ന മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്തകരാറുകാർ കരാർപ്രകാരമുള്ള സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കുകയോ , കാലാവധിക്കുള്ളിൽ സമയപരിധി നീട്ടാൻ അപേക്ഷ നൽകി ഭരണസമിതി അംഗീകാരം വാങ്ങുകയോ ചെയ്യാതെ ,കാലാവധി കഴിഞ്ഞ് മാസങ്ങൾക്ക് ശേഷം പ്രവൃത്തി പൂർത്തിയാക്കിയ കരാറുകാരിൽ നിന്നും യാതൊരുവിധ പിഴയും ഈടാക്കാതെ അവസാന ബിൽ തുക നൽകിയതായി കാണുന്നു. .യഥാസമയം പൂർത്തിയാക്കാത്ത താഴെ പറയുന്ന പ്രവർത്തിക്ക് തൻവർഷം തുക അനുവദിച്ചിട്ടുണ്ട്. പ്രോജക്ടിന്റെയും ഉഭയകക്ഷി കരാർ പ്രകാരം ഈടാക്കേണ്ടിയിരുന്ന പിഴ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രൊജക്ട് നം/ അടങ്കൽ	കരാറുകാരൻ ടെണ്ടർ നിരക്ക് (PAC)	എഗ്രിമെന്റ്/ തിയതി	കരാർ പ്രകാരം പ്രവൃത്തി പൂർത്തിയാക്കേണ്ട തിയതി	എം ബുക്ക് പ്രകാരം പൂർത്തിയാക്കിയ തിയതി	പൂർത്തിയാക്കാനെടുത്ത കാലതാമസം	ഈടാക്കേണ്ടിയിരുന്ന പിഴ	അവസാന ബിൽ / ചെക്ക് നമ്പർ/ തിയതി/ തുക

96/21 (70/17,80/20) പുൽപ്പള്ളി സി എച്ച് സി ഡോക്ടേഴ്സ് ക്വാർട്ടേഴ്സ് മെയിന്റനൻസ് 14,00,000	ഷിബു ജോർജ് 1081959.71	AEE/LSGD/ PNM/22/16-17 /31-3-2017	30-6-2017	26-11-2019	2 വർഷം 4മാസം 26ദിവസം	183933 (17% ,1+2+2+2+ 2+2+2+2+2)	8/20-21/15-5-20/ തുക 2,48,118/-
88/21 (27/19,86/20) ചേകാരി വീരാടികോളനി അടിസ്ഥാന സൗകര്യ വികസനം 5,00,000	രഘു ടി വി 4,89,783	AEE/LSGD/ PNM/26/18-19 /21-12-2018	31-3-2019	14-2-2020	10 മാസം 14ദിവസം	24489/- (5% ,1+2+2)	2/20-21 /23-4-2020 / 489783/-

പ്രവൃത്തി യഥാസമയം പൂർത്തിയാക്കാത്ത മേൽ പരാമർശിച്ച കരാറുകാരിൽ നിന്നും കരാർപ്രകാരമുള്ള പിഴ ഈടാക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ടുവെങ്കിലും,മറുപടി ലഭ്യമാക്കിയില്ല.പ്രവൃത്തി പൂർത്തിയാക്കാൻ അധിക സമയമെടുത്ത കരാറുകാരിൽ നിന്നും നിയമാനുസൃതമുള്ള പിഴയീടാക്കി വിവരം ലഭ്യമാക്കേണ്ടതാണ് .

1-26 മരാമത്ത് പ്രവൃത്തി എഗ്രിമെന്റ് വയ്ക്കാൻ കാലതാമസം-പിഴ ഈടാക്കിയില്ല

1-2-2012 ലെ ജി.ഒ.(പി) 13/2012/PWD പ്രകാരമുള്ള പുതുക്കിയ കേരളപൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥ 2009.6 പ്രകാരം ടെണ്ടർ സ്വീകരിച്ച് 7ദിവസത്തിനകം , കരാറുകാരന് ടെണ്ടർ സ്വീകരിച്ചതായുള്ള സെലക്ഷൻ നോട്ടീസ് നൽകണമെന്നും, നോട്ടീസ് കൈപ്പറ്റി 14ദിവസം വരെ പിഴയില്ലാതെയും തുടർന്ന് 10ദിവസം വരെ കരാർ തുകയുടെ 1 % പിഴയോടുകൂടിയും കരാർ ഒപ്പിടാമെന്നുമാണ് വ്യവസ്ഥ. എന്നാൽ നോട്ടീസ് കൈപ്പറ്റി കാലാവധിക്കു ശേഷം കരാർ ഒപ്പിട്ട കരാറുകാരിൽ നിന്നും നിയമാനുസൃതമുള്ള പിഴ ഈടാക്കിയില്ല.വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ക്രമനമ്പർ	പ്രൊജക്ട് നം/ അടങ്കൽ	കരാറുകാരൻ ടെണ്ടർ നിരക്ക്(PAC)	സെലക്ഷൻ നോട്ടീസ് പ്രകാരം പിഴയില്ലാതെ കരാർ ഒപ്പിടാവുന്ന അവസാനതിയതി	കരാർ ഒപ്പിട്ട തിയതി/ എഗ്രിമെന്റ്	ഈടാക്കേണ്ടിയിരുന്ന പിഴ	അവസാന ബിൽ /ചെക്ക് നമ്പർ തുക
1	116/21 26/20)ഇല്ലയമ്പം കോളനി നവീകരണവും നടപ്പാത കോൺക്രീറ്റും10,00,000	പുൽപ്പള്ളി ലേബർ കോൺട്രാക്ട് സൊസൈറ്റി 8,20,747	4-9-2019	30-1-2020 AEE/ LSGD/16/19-20	8,2,07/-	13/20-21 /22-3-2021 / *4,05,724*
2	(60/20) പുൽപ്പള്ളി സി എച്ച് സി മെയിന്റനൻസ് 9,00,000	പുൽപ്പള്ളി ലേബർ കോൺട്രാക്ട് സൊസൈറ്റി 7,14,631	4-9-2019	5-11-2019 14/19-20	7,146/-	1/20-21 */23-4-2020 / 4,50,718*
3	99/21 (56/20) കാപ്പുകുന്ന് തച്ചിലോട്ട് കോളനി നടപ്പാത കോൺക്രീറ്റ്	ടി വി രഘു 4,25,908	25-9-2020	30-1-2020 / 15/19-20	4,259/-	7/20-21 /13-5-2020 / *4,10,516*

	സൈഡ് കെട്ട് ,മണ്ണ് ഫില്ലിംഗ് 5,00,000					
4	88/21 (27/19,86/20) ചേകാടി വിരാടി കോളനി അടിസ്ഥാനസൗകര്യ സൗകര്യ വികസനം 5,00,000	ടി വി രഘു, 4,89,783	8-10-2018	21-12-2018 / AEE/LSGD/ PNM/26/18-19	4,898/-	2/20-21/23-4-2020 /4,89,783
5	97/21 (95/20)തണ്ണീർവയൽ കോളനി നവീകരണം-നടപ്പാത കോൺക്രീറ്റ് 5,00,000	ഒ കെ ഷാജു 3,74,612.30	10-8-2019	23-10-2019/ 10/19-20	3,746/-	3/20-21/ 23-4-2020 4,19,565

(സെലക്ഷൻ നോട്ടീസിൽ കരാറുകാർ കൈപ്പറ്റിയ തിയതി ചേർത്തിട്ടില്ലാത്തതിനാൽ ,നോട്ടീസ് തിയതിയിൽ കൈപ്പറ്റിയതായി കണക്കാക്കിയാണ് പിഴയില്ലാതെ കരാർ ഒപ്പിടേണ്ട തിയതി കണക്കാക്കിയിരിക്കുന്നത്.) സമയപരിധിക്കുള്ളിൽ കരാർ ഒപ്പിടാതിരുന്ന മേൽ പരാമർശിച്ചിരിക്കുന്ന കരാറുകാരിൽ നിന്നും നിയമാനുസൃതമുള്ള പിഴ ഈടാക്കാതിരുന്നതിന്റെ കാരണം വിശദീകരിക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻകൃയറിക്ക് മറുപടി ലഭ്യമാക്കിയില്ല. വീഴ്ച വരുത്തിയ കരാറുകാരിൽ നിന്നും നിയമാനുസൃതമുള്ള പിഴയീടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്

1-27 സമയബന്ധിതമായി പൂർത്തിയാക്കാത്ത മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പുതുക്കി നൽകുന്നു

1-2-2012 ലെ ജി.ഒ.(പി) 13/2012/PWD പ്രകാരമുള്ള പുതുക്കിയ കേരളപൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥ 2112,2112-1 എന്നിവ പ്രകാരം മരാമത്ത് പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കേണ്ടത് കരാറുകാരുടെ ഉത്തരവാദിത്വമാണ്. പ്രവൃത്തി പൂർത്തീകരണത്തിന് സമയം ദീർഘിപ്പിച്ചുനൽകിയാൽ പിഴയീടാക്കാനും അതിന്റെ നിരക്കുകളും മാന്വലിൽ വ്യക്തമാക്കിയിട്ടുണ്ട്. ഈ വ്യവസ്ഥകൾകരാറുകാരുമായി ഉണ്ടാക്കുന്ന ഉടമ്പടികളിൽ ഏഴാമത്തെ വ്യവസ്ഥയായി ഉൾക്കൊള്ളിക്കാറുണ്ടെങ്കിലും. താഴെ ചേർക്കുന്ന മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്തകരാറുകാർ കരാർപ്രകാരമുള്ള സമയപരിധിക്കുള്ളിൽ പ്രവൃത്തി ആരംഭിക്കുകയോ , കാലാവധിക്കുള്ളിൽ സമയപരിധി നീട്ടാൻ അപേക്ഷ നൽകി ഭരണസമിതി അംഗീകാരം വാങ്ങുകയോ ചെയ്യാതെ ,കാലാവധി കഴിഞ്ഞ് മാസങ്ങൾക്ക് ശേഷം പദ്ധതികളുടെ എസ്റ്റിമേറ്റ് , പുതുക്കി നൽകുന്നതായി കാണുന്നു. ഇപ്രകാരം എസ്റ്റിമേറ്റ് പുതുക്കുമ്പോൾ ആദ്യ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്ന പല ഐറ്റംസും പൂർണ്ണമായി ഒഴിവാക്കി പുതിയ ഐറ്റംസ് ഉൾപ്പെടുത്തുന്നതായിട്ടാണ് കാണുന്നത് .എസ്റ്റിമേറ്റ് പുതുക്കുന്നതിനുള്ള ഭരണസമിതി അംഗീകാരം ലഭിച്ചുകഴിഞ്ഞ് എസ്റ്റിമേറ്റുകൾ പുതുക്കാൻഒന്നും, രണ്ടും വർഷങ്ങളെടുക്കുന്നതായും കാണുന്നുണ്ട്. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

പ്രോ.നമ്പർ, പേര്, അടങ്കൽ തുക	ടെണ്ടർ തിയതി, കരാറുകാരൻ	എഗ്രിമെന്റ്,തിയതി, എഗ്രിമെന്റുപ്രകാരം പ്രവൃത്തി പൂർത്തിയാക്കേണ്ട തിയതി	എസ്റ്റിമേറ്റ് പുതുക്കിയ തിയതി,	പ്രവൃത്തിപൂർത്തിയാക്കിയ തിയതി ,പൂർത്തിയാക്കാനെടുത്ത അധികസമയം	എം ബുക്കിൽ, അളവ് രേഖപ്പെടുത്തിയ ആദ്യതിയതി, അവസാന തിയതി
96/21, (80/20,70/17,)പുൽപ്പള്ളി സി എച്ച് സി ഡോക്ടേഴ്സ് ക്വാർട്ടേർസ് 14,00,000	28-1-2017 ഷിബു ജോർജ്	AEE/LSGD/PNM/22/16-17 /31-3-2017 / 30-6-2017	16-3-2018	26-11-2019 /2വർഷവും 4മാസവും,26ദിവസവും	16-3-2018, 26-11-2019
72/20 (46/19) പുൽപ്പള്ളി സി എച്ച് സി യിൽ കുടിവെള്ളപദ്ധതി 10,00,000	18-7-2018 സ്റ്റീഫൻ പി എം	AEE/LSGD/PNM/18/18-19 /31-3-2019	27-2-2020	12-3-2020 11മാസവും,12 ദിവസവും	24-1-2019, 12-3-2020

എസ്റ്റിമേറ്റ് പുതുക്കാൻ അനുമതി ലഭിച്ച മരാമത്ത് പ്രവൃത്തികളിൽ ഭൂരിഭാഗത്തിന്റെയും എസ്റ്റിമേറ്റ് പുതുക്കി സാങ്കേതികാനുമതി വാങ്ങി പ്രവൃത്തി പൂർത്തിയാക്കാൻ ഒന്നും രണ്ടും വർഷങ്ങളെടുത്തതായിട്ടാണ് കാണുന്നത്. മേൽ പറഞ്ഞ എസ്റ്റിമേറ്റു പുതുക്കലിനും,പൂർത്തീകരണ താമസത്തിനുമുള്ള ഏതാനും ചില ഉദാഹരണങ്ങൾ മാത്രമാണ്.

ഇത്തരത്തിൽ എസ്റ്റിമേറ്റുകൾ പുതുക്കേണ്ടിവരുമ്പോൾ പദ്ധതി പൂർത്തീകരണം അനന്തമായി നീണ്ടുപോകുകയും, തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് ഗ്രാന്റായി ലഭിച്ച പണ ചെലവഴിയ്ക്കപ്പെടാതെ നഷ്ടമാകുകയും,പദ്ധതി ലക്ഷ്യം കൈവരിയ്ക്കാതെ ജനങ്ങൾക്ക് പ്രയോജനപ്പെടാതെ പോകുകയും ചെയ്യുന്നു. അപാകത സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുനൽകിയ എൻകൃയറിക്ക് മറുപടി ലഭ്യമാക്കിയില്ല. മേൽ വിഷയത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

ഭാഗം -2
വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ
[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3
ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ
[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 ക്ഷീരകർഷകർക്ക് ഇൻസെന്റീവ്(എസ് ടി)- കർഷകരുടെ അക്കൗണ്ടിലേക്ക് ധനസഹായം എത്തിയിട്ടില്ല

പനമരം ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന പ്രാഥമീക ക്ഷീര സഹകരണ സംഘങ്ങളിൽ പാലളക്കുന്ന ക്ഷീര കർഷകർക്ക് പാലളവിന് അനുസ്യതമായി ധനസഹായം അനുവദിക്കുന്നതിനും ബ്ലോക്ക് പഞ്ചായത്തിൽ പാലുത്പാദന വർദ്ധനവും,ക്ഷീരകർഷകരുടെ പാലുത്പാദക ചെലവ് കുറയ്ക്കലും ലക്ഷ്യം വച്ചുകൊണ്ട് ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതിയാണിത്.ഗ്രാമ,ബ്ലോക്ക്,ജില്ലാ പഞ്ചായത്ത്, ഡിപ്പാർട്ട്മെന്റ് വിഹിതം കൂടി ലഭ്യമാക്കി ക്ഷീരകർഷകർക്ക് പാലളവിന് അനുസരിച്ച് സബ്സിഡി അനുവദിച്ച് നൽകുന്നു. 2020 ഏപ്രിൽ മുതൽ പാൽ സൊസൈറ്റികളിൽ പാലളന്നവർക്ക് ലിറ്ററിന് നാലുരൂപയാണ് നൽകുന്നുത്(ഗ്രാമ,ബ്ലോക്ക്,ജില്ലാ പഞ്ചായത്ത് ,ഡിപ്പാർട്ട്മെന്റ് വിഹിതം ഓരോ രൂപ).പദ്ധതി വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

പദ്ധതിയുടെ പേര്-ക്ഷീരകർഷകർക്ക് ഇൻസെന്റീവ്(എസ് ടി)

പദ്ധതി നം.-68/20-21	ബ്ലോക്ക് വിഹിതം ടി.എസ്.പി	മറ്റ് ഗ്രാമ പഞ്ചായത്ത്	ജില്ലാ പഞ്ചായത്ത്	ആകെ
പദ്ധതി അടങ്കൽ	9,68,000	14,00,000	14,00,000	37,68,000
ചെലവ്	9,67,271	0	0	9,67,271
ട്രഷറി ബിൽ നം.	16/20-21/15,482 / Dtd.22.03.2021 17/20-21/20,924 / Dtd.22.03.2021 18/20-21/37,721 / Dtd.22.03.2021 19/20-21/8472 / Dtd.22.03.2021 20/20-21/9032/ Dtd.22.03.2021 21/20-21/17,897/ Dtd.22.03.2021 22/20-21/92,186/ Dtd.22.03.2021 23/20-21/11,800 / Dtd.22.03.2021 25/20-21/60,001/ Dtd.22.03.2021 26/20-21/7,998/ Dtd.22.03.2021 27/20-21/77,871/ Dtd.22.03.2021 28/20-21/1,36,896/ Dtd.22.03.2021 29/20-21/67,853 / Dtd.29.03.2021 30/20-21/1,16,518/Dtd.29.03.2021 31/20-21/42,529 / Dtd.29.03.2021 32/20-21/89,108/Dtd.29.03.2021 33/20-21/68,430 /Dtd.29.03.2021 34/20-21/75,966/Dtd.29.03.2021 35/20-21/10,587 /Dtd.29.03.2021			

1. പദ്ധതി പ്രകാരമുള്ള ധനസഹായം അക്കൗണ്ടിൽ ലഭിച്ചില്ല

പദ്ധതി പ്രകാരം 9,67,271 രൂപ ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി പനമരം ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള എസ് ടി ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്.കർഷകരുടെ അക്കൗണ്ടിലേക്ക് പണം നേരിട്ട് ക്രെഡിറ്റ് ചെയ്യുകയാണ് ചെയ്തത്. എന്നാൽ ചില കർഷകരുടെ അക്കൗണ്ടിലേക്ക് ധനസഹായം എത്തിയിട്ടില്ല. ധനസഹായ വിതരണം കഴിഞ്ഞ് ഒരു വർഷം കഴിഞ്ഞിട്ടും ചുവടെ പറയുന്ന കർഷകരുടെ അക്കൗണ്ടിലേക്ക് ധനസഹായം എത്തിയിട്ടില്ല. ബന്ധപ്പെട്ട നിർവ്വഹണ ഉദ്യാഗസ്ഥൻ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. വിശദ വിവരം ചുവടെ കൊടുക്കുന്നു.

ബിൽ	ഗുണഭോക്താവിന്റെ	ആധാർ	അക്കൗണ്ട് നം	തുക

നം	പേര്	നം		
22/20-21	കറപ്പൻ	573607603881	130261200421464	485
	ഉഷാകുമാരി	604308488703	130061200424150	1787
	ബാലൻ	741609450701	130061200422674	449
30/20-21	കറപ്പൻ	573607603881	130261200421464	352
	ഉഷാകുമാരി	604308488703	130061200424150	1297
	ബാലൻ	741609450701	130061200422674	325
32/20-21	കറപ്പൻ	573607603881	130261200421464	352
	ഉഷാകുമാരി	604308488703	130061200424150	1297
	ബാലൻ	741609450701	130061200422674	325
ആകെ				₹6,669

2. ചില ഗുണഭോക്താക്കൾക്ക് തുക അധികം നൽകി

പദ്ധതി പ്രകാരം പാൽ അളന്ന ഗുണഭോക്താവിന് ലിറ്ററിന് ഒരു രൂപ നിരക്കിലാണ് നൽകേണ്ടത്. എന്നാൽ താഴെ പറയുന്ന ചില ഗുണഭോക്താക്കൾക്ക് തുക അധികം നൽകിയതായി കാണുന്നു.

ഗുണഭോക്താവിന്റെ പേര്	ആധാർ നം.	പാലളവ്	കൊടുക്കേണ്ട തുക	കൊടുത്ത തുകയുടെ വിവരം,	അധികം കൊടുത്ത തുക
ചന്തു എ	300159974105	539.3	539	Bill No 30/20-21 391/- Bill No 22/20-21, 539/- Bill No 32/20-21, 391/- ആകെ-1321	782
രാമൻ സി	792451668841	789	789	Bill No 30/20-21 570/- Bill No 22/2021 789/- ആകെ-1359	570
കൃഷ്ണൻ വി കെ	420158686307	329.6	329	Bill No 30/20-21, 238/- Bill No 22/20-21, 329/- Bill No 32/20-21 238/- ആകെ-805	476
വെള്ളി	294343805285	775.4	775	Bill No 30/20-21 562/- Bill No 22/20-21, 775/- Bill No 32/20-21, 562/- ആകെ-1899	1124
ആകെ					2952

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും കർഷകർക്ക് അധിക ധനസഹായം നൽകിയത് നിരാകരിക്കാതിരിക്കാൻ കാരണങ്ങളുണ്ടെങ്കിൽ അറിയിക്കേണ്ടതുമാണെന്ന് കാണിച്ചു നൽകിയ ഓഡിറ്റ് എൻകവയറിക്ക്(ഓഡിറ്റ് എൻകവയറി.നം. 9/20-21തീയതി 22.03.2022) മറുപടി ലഭ്യമാക്കിയില്ല.അധിക ധനസഹായം നൽകിയ 2952/- രൂപയും കർഷകരുടെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ആകാതിരുന്ന 6,669/-രൂപയും (മൊത്തം-9621)ഓഡിറ്റിൽ നിരാകരിക്കുന്നു.

3-2 ക്ഷീരകർഷകർക്ക് ഇൻസെന്റീവ്(ജനറൽ)-പദ്ധതി നടത്തിപ്പിലെ

അപാകതകൾ.

പനമരം ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന പ്രാഥമീക ക്ഷീര സഹകരണ സംഘങ്ങളിൽ പാലളക്കുന്ന ക്ഷീര കർഷകർക്ക് പാലളവിന് അനുസ്യൂതമായി ധനസഹായം അനുവദിക്കുന്നതിനും ബ്ലോക്ക് പഞ്ചായത്തിൽ പാലുത്പാദന വർദ്ധനവും,ക്ഷീരകർഷകരുടെ പാലുത്പാദക ചെലവ് കുറയ്ക്കലും ലക്ഷ്യം വച്ചുകൊണ്ട് ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതിയാണിത്.ഗ്രാമ,ബ്ലോക്ക്,ജില്ലാ പഞ്ചായത്ത്, ഡിപ്പാർട്ട്മെന്റ് വിഹിതം കൂടി ലഭ്യമാക്കി ക്ഷീരകർഷകർക്ക് പാലളവിന് അനുസരിച്ച് സബ്സിഡി അനുവദിച്ച് നൽകുന്നു. 2020 ഏപ്രിൽ മുതൽ പാൽ സൊസൈറ്റികളിൽ പാലളന്നവർക്ക് ലിറ്ററിന് നാലുരൂപയാണ് നൽകുന്നത്(ഗ്രാമ,ബ്ലോക്ക്,ജില്ലാ പഞ്ചായത്ത്, ഡിപ്പാർട്ട്മെന്റ് വിഹിതം ഓരോ രൂപ).പദ്ധതി വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

പദ്ധതിയുടെ പേര്-ക്ഷീരകർഷകർക്ക് ഇൻസെന്റീവ്.

പദ്ധതി നം.-67/20-21	ഫണ്ടിനം-പ്ലാൻ ഫണ്ട്	മറ്റ് ഗ്രാമ പഞ്ചായത്ത്	ജില്ലാ പഞ്ചായത്ത്	ആകെ
പദ്ധതി അടങ്കൽ	60,05,273	1,00,00,000	1,00,00,000	2,60,05,273
ചെലവ്	54,35,821	19,66,929	18,92,047	92,94,797
ബിൽ നം.	1/20-21/25,185 / Dtd.30.10.20 2/20-21/69,861 /Dtd.30.10.20 3/20-21/1,67,343/ Dtd.30.10.20 4/20-21/53,456/Dtd.30.10.20 5/20-21/64,133/Dtd.30.10.20 6/20-21/2,15,877/Dtd.30.10.20 7/20-21/1,43,858/Dtd.30.10.20 8/20-21/3,54,313/Dtd.30.10.20 9/20-21/1,49,793/Dtd.30.10.20 10/20-21/6,64,208/Dtd.30.10.20 11/20-21/6,13,072/ Dtd.30.10.20 12/20-21/1,11,924/ Dtd.30.10.20 13/20-21/5,92,602 / Dtd.30.10.20 14/20-21/2,18,004/Dtd.30.10.20 15/20-21/4,48,213/ Dtd.12.11.20 24/20-21/5,09,758/Dtd.22.03.21 36/20-21/3,39,345/Dtd.29.03.2021 37/20-21/3,06,543/Dtd.29.03.2021 38/20-21/3,47,743/Dtd.29.03.2021 39/20-21/4,75,804/Dtd.29.03.2021 40/20-21/4,97,494/Dtd.29.03.2021 44/20-21/1,72,498/Dtd.29.03.2021 45/20-21/2,60,096/Dtd.29.03.2021 46/20-21/2,20,248/Dtd.29.03.2021 47/20-21/1,58,876/Dtd.29.03.2021 48/20-21/1,72,376/Dtd.29.03.2021 49/20-21/1,64,326/Dtd.29.03.2021 50/20-21/3,89,551/Dtd.31.03.2021 52/20-21/1,39,820/Dtd.31.03.2021 54/20-21/4,94,024/Dtd.31.03.2021 55/20-21/3,14,425/Dtd.31.03.2021 56/20-21/2,74,268/Dtd.31.03.2021 57/20-21/1,65,760/Dtd.31.03.2021			

പദ്ധതി പ്രകാരം 92,94,797/-രൂപ ഗ്രാമ,ബ്ലോക്ക്,ജില്ലാ പഞ്ചായത്ത് വിഹിതമായി പനമരം ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്.ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള 5 ഗ്രാമ പഞ്ചായത്തുകളിലെ വിവിധ പാൽ സൊസൈറ്റികളിൽ പാലളന്ന ക്ഷീരകർഷകർക്കാണ് ധനസഹായം നൽകിയിട്ടുള്ളത്. കർഷകരുടെ അക്കൗണ്ടിലേക്ക് പണം നേരിട്ട് ക്രെഡിറ്റ് ചെയ്യുകയാണ് ചെയ്തത്. എന്നാൽ ചില കർഷകരുടെ അക്കൗണ്ടിലേക്ക് ധനസഹായം എത്തിയിട്ടില്ല. ധനസഹായ വിതരണം കഴിഞ്ഞ് ഒരു വർഷം

കഴിഞ്ഞിട്ടും താഴെ പറയുന്ന കർഷകരുടെ അക്കൗണ്ടിലേക്ക് ധനസഹായം എത്തിയിട്ടില്ല. ബന്ധപ്പെട്ട നിർവ്വഹണ ഉദ്യാഗസ്ഥൻ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. വിശദ വിവരം ചുവടെ കൊടുക്കുന്നു.

ബിൽ നം	ഗുണഭോക്താവിന്റെ പേര്	അക്കൗണ്ട് നം	തുക
10/20-21	രവീന്ദ്രൻ ടി	002010001006973	1,017
13/20-21	സുരേന്ദ്രൻ കെ എൻ	7010001003573	268
	ശ്യാമപ്രസാദ്	7010001003580	690
	വിനീഷ് കെ പി	7010001003580	578
	ദിലീപ് കെ ഡി	7010001000861	539
	ലത എ എസ്	7010001003594	722
	ബെന്നി ടി ജെ	7010001002020	131
40/20-21	രാജേന്ദ്രൻ ടി	002010001006973	1,496
54/20-21	സുരേന്ദ്രൻ കെ എൻ	7010001003573	189
	ശ്യാമപ്രസാദ്	7010001003580	487
	വിനീഷ് കെ പി	7010001003580	408
	ദിലീപ് കെ ഡി	7010001000861	381
	ലത എ എസ്	7010001003594	509
	ബെന്നി ടി ജെ	7010001002020	93
ആകെ			7,508

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും കർഷകർക്ക് അധിക ധനസഹായം നൽകിയത് നിരാകരിക്കാതിരിക്കാൻ കാരണങ്ങളുണ്ടെങ്കിൽ അറിയിക്കേണ്ടതുമാണെന്ന് കാണിച്ചു നൽകിയ ഓഡിറ്റ് എൻകൃയറിക്ക്(ഓഡിറ്റ് എൻകൃയറി.നം. 10/20-21തീയതി 22.03.2022) മറുപടി ലഭ്യമാക്കിയില്ല.കർഷകരുടെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യാത്ത ധനസഹായത്തുകയായ 7,508/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയ വിവരം

പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ തീയതി
07.03.2022-23.03.2022	ഇതേ ഓഡിറ്റ് റിപ്പോർട്ട് നമ്പർ

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല.

4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല .

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

4-5 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

4-6 സ്ഥിര നിക്ഷേപം

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ഇല്ല

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശങ്ങൾ

ഓഡിറ്റ് വർഷം, ഖണ്ഡിക നം.	സമാഹൃത റിപ്പോർട്ട് വർഷം ,ഖണ്ഡിക നം.	വിഷയം	നിലവിലെ അവസ്ഥ
2017-18	2018-19,3.3	ലൈഫ് മിഷൻ ഭവന പദ്ധതി-ചെയ്യാത്ത പ്രവർത്തിക്ക് തുക നൽകി	നിയമസഭാ സമിതിയുടെ പരിഗണനയിൽ

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം.

ഓഡിറ്റ് വർഷത്തെ വരവ്	:	₹10,72,98,438
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	:	₹11,41,65,890
വരവിനങ്ങളിലുള്ള നഷ്ടം	:	0
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	:	17,129
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	:	2,18,55,318

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.

ഖണ്ഡിക നമ്പർ	നഷ്ടമായ തുക		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ് ചെയ്യാവുന്നവ	സർചാർജ് ചെയ്യാവുന്നവ	
3-1		9,621	അഭിരാമി എ, എൻ, ക്ഷീര വികസന ഓഫീസർ
3-2		7,508	3,945- പ്രീതി കെ ആർ 3,563-അഭിരാമി എ എൻ ക്ഷീര വികസന ഓഫീസർ
ആകെ		17,129	

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ,ഉദ്യോഗപ്പേരും
1-14	78,500	കാർത്തിക അന്ന ജോസ്, ശിശു വികസന ഓഫീസർ
1-16	3,00,000	ഗംഗാധരൻ പി.എം, സെക്രട്ടറി
1-18	5,00,000	ഗംഗാധരൻ പി.എം,സെക്രട്ടറി
1-19	26,99,984,	ഗംഗാധരൻ പി.എം,സെക്രട്ടറി
1-20	1,98,720	ഗംഗാധരൻ പി.എം,സെക്രട്ടറി
1-21	4,00,000	ഗംഗാധരൻ പി.എം,സെക്രട്ടറി
1-22	25,49,900	ഗംഗാധരൻ പി.എം,സെക്രട്ടറി
1-23	5,33,814	ഗംഗാധരൻ പി.എം,സെക്രട്ടറി
1-24	1,45,94,400	ഗംഗാധരൻ പി.എം,സെക്രട്ടറി
ആകെ	2,18,55,318	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

--ഇല്ല--

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദി കളായവരുടെപേരുംസ്ഥിരം മേൽവിലാസവും.

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
അഭിരാമി എ, എൻ, ക്ഷീര വികസന ഓഫീസർ	എംപ്ലോയിമെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനം, ഇപ്പോൾ സേവനത്തിൽ	നെടിയിരിപ്പിൽ വീട്,കഴിമ്പ്രം,,തൃശ്ശൂർ 680568, ഫോൺ 9895826524

	തുടരുന്നില്ല.	
പ്രീതി കെ. ആർ. , ക്ഷീര വികസന ഓഫീസർ		രമ്യ വീട്,എം സി ആർ എ79,നെല്ലിമുക്ക്,തിരുമുല്ലവാരം പി ഒ,കൊല്ലം-691012
കാർത്തിക അന്ന ജോസ്, ശിശു വികസന ഓഫീസർ	ശിശു വികസന ഓഫീസർ,കൽപ്പറ്റ	നെല്ലാട്ടുകുടിയിൽ വീട്,പഴുപ്പത്തൂർ പി ഒ, സുൽത്താൻ ബത്തേരി

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

ഓഡിറ്റ് റിപ്പോർട്ട് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം
2010-11, 2011-12, 2012-13	കെ.എസ്.എ-ഡബ്ല്യു.വൈ.ഡി-എം.2-851/18(6)തീയ്യതി 03.08.2019
2013-14	കെ.എസ്.എ-ഡബ്ല്യു.വൈ.ഡി-എം.2-851/18(7)തീയ്യതി 19.08.2019
2014-15, 2015-16	കെ.എസ്.എ-ഡബ്ല്യു.വൈ.ഡി-എം.2-851/18(7)തീയ്യതി 19.11.2020
2016-17	കെ.എസ്.എ-ഡബ്ല്യു.വൈ.ഡി-എം.2-773/17/07.05.2019
2017-18	കെ.എസ്.എ-ഡബ്ല്യു.വൈ.ഡി-എം.2-858/18/29.07.2019
2018-19	കെ.എസ്.എ ഡബ്ല്യു.വൈ.ഡി എം.2-254/20/14.10.2020
2019-20	കെ.എസ്.എ ഡബ്ല്യു.വൈ.ഡി-എം.2-290/22

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് ഓഫീസ്, വയനാട്.

അനുബന്ധം-1
ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്വെയർ ക്രമീകരണങ്ങളും പ്രകാരം വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ വയനാട് ജില്ലയിലെ പനമരം ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

വയനാട് ജില്ലയിലെ പനമരം ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്